Registered No. M-4485 Madras War Review, Malayalam—7-7-1944

# യുദ്ധസഞ്ചിക

വാള്യം III] മദിരാശി: 1944 ജൂലായി 7-ാംനു, വെള്ളിയാഴ്ച [ലക്കം 44



## നേതൃത്വവും വിദ്യാഭ്യാസവും

ഇക്കാലങ്ങളിൽ ഒരു സൈന്യ ഉദ്യോഗസ്ഥന്നു് കരളുറപ്പും കായബലവും മാത്രം ഉണ്ടായാൽ പോരാ. വിദ്യാഭ്യാസമില്ലാതെ അദ്ദേഹം ഒരു പ്രാപ്തനാവാൻ വഴിയില്ല. പ്രാപ്തിയില്ലെങ്കിൽ അനവധി ആളുകളുടെ ജീവനെ സംബന്ധിച്ച രക്ഷാകർത്തൃത്വം അദ്ദേഹത്തിന്റെ പക്കൽ ഞാൻ ഏല്പിക്കയില്ല. കൊള്ളാത്ത നേതൃത്വം കൊണ്ടു നശിപ്പിപ്പാനുള്ളതല്ല നമ്മുടെ യോദ്ധാക്കൾ.

വിദ്യയില്ലാത്ത ധൈര്യം ഉപയോഗശൂന്യമാണെന്നപോലെത്തന്നെ, ധൈര്യം, കായദാർഢ്യം, തന്റേടം, ചിട്ട, സ്വാഭിമാനം ഇവയൊന്നുമില്ലാത്ത വിദ്യയും നേതൃത്വത്തിന്നു് പററിയതല്ല.

ഐകമത്യമാണു് നമുക്കു ബലം. ഇന്ത്യയെപോലെ ഒരു വലിയ രാജ്യത്തു്, എന്തിനു് പഞ്ചാബിനെപോലെ ഒരു ചെറിയ സംസ്ഥാനത്തിൽ, അനേക തരത്തിലുള്ള ആളുകളുണ്ടു്. ഇവയെല്ലാം ചേർന്നാണു് ലോക

ഈ ജില്ലക്കോ, സംസ്ഥാനത്തിന്നോ, രാജ്യത്തിന്നോ ഒരു പുരോഗതിയുണ്ടാകണമെങ്കിൽ അന്യോന്യം ഒരു സൌഹാർദ്ദതയും വിട്ടുവീഴ്ചയും ഉണ്ടാകാതെ നിവൃത്തിയില്ല. വിജയത്തിന്നു് നമ്മുടെ എല്ലാവരുടെയും കൂടിച്ചേർന്ന ശക്തി വേണം; അതിനെ അന്യോന്യം തമ്മിൽ തല്ലി നാം നശിപ്പിച്ചുകളയരുതു്.

—ജനറൽ സേർ ക്ലോഡ് ആക്കിൻലക്ക്, ഇന്ത്യയിലെ സൈന്യനായകൻ, ഒരു വാർ ബോഡ് സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| നേതൃത്വവും വിദ്യാഭ്യാസവും .. .. | 1 | 25,000 ക. ഇനാം ! ശാരദ .. .. | 7, 8 |
| മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല .. .. | 2 | ഹോർഡിങ്ങ് ആൻറ് ആൻറിപ്രൊഫിററിയറിങ്ങ് ഓർഡിനൻസ്. | 9, 10 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3, 4 | എം. ആർ. എസ്. .. .. .. | 11 |
| പ്രത്യേക ലേഖനങ്ങൾ .. .. .. | 5 | യൂറോപ്പിൽ ചെന്നിറങ്ങിയ്യ് ഇങ്ങിനെയാണ് .. | 12 |
| സ്വാതന്ത്ര്യം : ആർ. ഗാലിററി, ഐ. സി. എസ്. .. | 6 | | |


# മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല

## യുദ്ധത്തിൻെറ കലാശക്കയ്യ്

"ബ്രിട്ടീഷ് ഇന്ത്യക്ക് മോചനമായിയെന്ന് പറയാം. കോഹിമയിലും നാഗമലയിലും വെച്ചു യുദ്ധം ചെയ്തിരുന്ന നമ്മുടെ സൈന്യങ്ങൾ നാട്ടുരാജ്യമായ മണിപ്പൂരിയിൽ കടന്നാണ് ഇപ്പോൾ യുദ്ധം ചെയ്യുന്നതു്. ജാപ്പാൻകാരെ നാമാവശേഷമാക്കുവാൻ ഇനിയും വളരെ യുദ്ധം ചെയ്യേണ്ടതുണ്ടെങ്കിലും ഇന്ത്യയുടെ നേരെയുള്ള ജാപ്പാൻകാരുടെ ആക്രമണത്തെ തടയുന്ന കാൎയ്യത്തിൽ ഇപ്പോൾ ഉണ്ടായ യുദ്ധം (ഇംഫാൽ മോചനം) കലാശക്കയ്യാണെന്ന് തീൎത്തു പറയാം. ഇന്ത്യയുടെ നേരെ ഇതിന്നു മുമ്പൊരാക്രമണം നൂറുകൊല്ലം മുമ്പ് ബൎമ്മക്കാര ഇതെ അതൃത്തി കടന്നപ്പോളായിരുന്നുവെന്ന് വിസ്മരിക്കത്തക്കതല്ല."

—ബഹു. ആസ്സാം ഗവണ്ണർ, സേർ ആണ്ട്രൂ ക്ലോ

❖ ❖ ❖ ❖

## അതു് നിലനിർത്തണേ

"ശത്രുവിനെ വമ്പിച്ച തോതിൽ നിങ്ങൾ പരാജയപ്പെടുത്തിക്കഴിഞ്ഞു. ഇനി അവനെ ഉന്മൂലനാശം ചെയ്യുന്ന ജോലിയെ ബാക്കിയുള്ളു. ഭൂസ്ഥിതിയും കാലസ്ഥിതിയുമെല്ലാം നമുക്കു വിപരീതമാണെന്ന് എനിക്കറിയാം. എങ്കിലും നിങ്ങൾ ശേഷമുള്ള കൎമ്മവും നിറവേററുമെന്ന് എനിക്കുറപ്പുണ്ടു്. നിങ്ങൾക്കു മെച്ചംവന്നു കഴിഞ്ഞു. അതിനെ നിലനിൎത്തണേ. അവിടെത്തന്നേ നിന്നുകൊൾക."

—ജനറൽ സ്ലിം, 14-ാം-പടയുടെ സൈന്യനായകൻ

❖ ❖ ❖ ❖

## ഈ യുദ്ധത്തിന്നൊരവസാനമെ ഉള്ളു

"നമുക്കുള്ള സൈന്യങ്ങളും, ഐക്യകക്ഷികളുടെ കടൽ പടയും, വിമാനപ്പടയും വെച്ചുകൊണ്ടു്, ഈ യുദ്ധത്തിന്ന് ഒരേ ഒരു തരത്തിലുള്ള അവസാനമെ ഉണ്ടാവാൻ വഴിയുള്ളു—അതു് പൂൎണ്ണവിജയമാണ്."

—ജനറൽ മണ്ട്ഗോമറി, ജനറൽ ബ്രാഡ്ലിക്കയച്ച ഒരു സന്ദേശത്തിൽനിന്നു

# ബ്രിട്ടീഷ്–ജൎമ്മൻ യുദ്ധം

## 253-ാമത്തെ ആഴ്ച


## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

## ആഴ്ചക്കുറിപ്പുകൾ

ഇന്ത്യയിലെ കൃഷി പ്രോത്സാഹന വിഷയത്തെക്കുറിച്ച് പോളിസി കമ്മിററി ഓൺ അഗ്രികൾച്ചർ, ഫോറസ്റ്ററി ആൻറ് ഫിഷറീസ് സിംലയിൽവെച്ച് നാലു ദിവസം ഗാഢാലോചന നടത്തി പല തീർപ്പുകളും ചെയ്തിരിക്കുന്നു. കൃഷി വർദ്ധിപ്പിക്കണം; കാടുകൾ പുഷ്ടിപ്പെടുത്തണം; കടലിലെ മത്സ്യവിളവും വർദ്ധിപ്പിക്കണം, എന്നാണ് ഗവൎമ്മേണ്ടിൻെറ ഉദ്ദേശം. എന്നാൽ ആദ്യമായി അടിയന്തര കാര്യങ്ങളാണെല്ലാ നടത്തേണ്ടതു്. അതിനാൽ ഏററവും ചുരുങ്ങിയ സമയം കൊണ്ടു് ഏററവും അധികരിച്ച ഭക്ഷണം വിളയിക്കാനുള്ള വിദ്യ എന്താണെങ്കിൽ അതെടുക്കേണമെന്നാണു് കമിററി അഭിപ്രായപ്പെട്ടതു്. സംസ്ഥാനങ്ങളിൽ കൃഷിയുടെ പോഷണം നടന്നുകൊണ്ടിരിക്കുമ്പോൾ കേന്ദ്രഗവൎമ്മേണ്ടു് സംസ്ഥാനങ്ങളിൽ നടക്കുന്ന പ്രവൃത്തിയെ സഹായങ്ങൾ കൊണ്ടും ഉപദേശങ്ങൾ കൊണ്ടും ഏകീകരിച്ചു കൊണ്ടുവരികയും വേണം. ഇന്ത്യയിലെ കൃഷി അടുത്തവസരത്തിൽ വർദ്ധിപ്പിക്കാനുള്ള സർവ്വ നടപടികളും ഈ കമിററിയുടെ ശിപാർശിയിൽ പെടുത്തിയിരിക്കുന്നു.

### കമിററിയുടെ പ്ലാൻ

കമിററി നിശ്ചയിച്ച കാര്യപരിപാടിയിൽ പ്രധാനമായിട്ടുള്ളതു് സെൻട്രൽ ലാൻറ് യൂട്ടിലൈസേഷൻ ബോർഡ് എന്ന ഒരു സമിതിയെ സ്ഥാപിക്കുന്ന കാര്യമാണു്. വെള്ളക്കേടു കൊണ്ടും മററും ഭൂമി ഇടിഞ്ഞുപോവുന്നതിന്നു് വേണ്ട പ്രവൃത്തികൾ ചെയ്യുക, നശിച്ചുപോകുന്ന കാടുകളെ രണ്ടാമതും വെച്ചുപിടിപ്പിക്കുക, തരിശായിക്കിടക്കുന്ന ഭൂമിയെ കൃഷിക്കുപയോഗപ്രദമാക്കിതിൎത്തെടുക്കുക, ജലസേചന മാൎഗ്ഗങ്ങൾ ഉണ്ടാക്കുകയാണു് ഈ സമിതിയുടെ പ്രവൃത്തി. ഈ വക കാര്യങ്ങൾക്കു വേണ്ട പ്ലാൻ തയ്യാറാക്കുവാനും, ഇവയെക്കുറിച്ചു് സംസ്ഥാനങ്ങളിൽ നടക്കുന്ന പ്രവൃത്തികൾ ഏകീകരിക്കുകയും ഉപദേശിക്കുകയും ചെയ്യേണ്ടതിന്നു് വേണ്ടത്ര പണവും ആളും ഈ സമിതിക്കുണ്ടായിരിക്കണം. കൃഷിക്കു പററിയതും ഇപ്പോൾ കൃഷി ചെയ്യാതെ കിടക്കുന്നതുമായ ഭൂമി എത്രയുണ്ടെന്നും, ഇപ്പോൾ കൃഷി ചെയ്യാതെ കിടക്കുന്നതിന്നുള്ള കാരണമെന്താണെന്നും കണ്ടുപിടിച്ചു് അവയെ ഉപയോഗപ്രദമാക്കി തീൎപ്പാനുള്ള സൌകര്യങ്ങൾ പൊതുജനങ്ങൾക്കു ചെയ്തു കൊടുക്കണം. പശുക്കൾക്കു പാലു് വൎദ്ധിക്കാനും, കടലിൽ മത്സ്യം അധികമായി ഉണ്ടാവാനും വേണ്ടതെന്താണെങ്കിൽ അക്കാര്യത്തിൽ ഉപദേശിക്കാനായി ഒരു സൎവ്വെ കമിററിയെയും രൂപീകരിക്കണം.



ചെർബർഗ് തുറമുഖം

## കാട്ടു വളത്തൽ

ഇപ്പോഴം നിലവിലുള്ള കാടുകളെ നന്നാക്കി തീക്കുന്നതിന്നു പുറമെ പുതിയ കാടുകൾ വെച്ചു് പിടിപ്പിക്കുകയും, ഓരൊ ഗ്രാമത്തിലും കാടുകൾ വളത്തുകയും വേണമെന്നാണു് കമ്മിററിയുടെ അഭിപ്രായം. ഒരു സംസ്ഥാനത്തിൻെറയോ നാട്ടു രാജ്യത്തിൻെറയൊ ഒട്ടാകെയുള്ള ഭൂമിയുടെ ഇരുപതൊ ഇരുപത്തഞ്ചു ശതമാനമൊ കാടായിരിക്കേണമത്രെ. ഈ കാട് വല്ല ദിക്കുകളിലും ആയാൽ പോരതാനും. ഓരോ ഗ്രാമവാസിക്കും കൃഷക ജീവിതത്തിന്നാവശ്യമായ മരവും വിറകും സ്വഗൃഹത്തിൽ നിന്നു് അധികം വഴിപോകാതെ കിട്ടുവാൻ നിവൃത്തിയാകയും വേണം. കാട്ടു വളത്തുവാൻ പററിയ പ്രദേശങ്ങളേതാണെന്നു കൂടി ഭൂമിയുടെ തരം തിരിക്കുന്നവസരത്തിൽ ഒരു പ്രത്യേക വകുപ്പായി ചേക്കുന്നതാണു് നല്ലതു്. കാടുകളിൽ നിന്നുണ്ടാകുന്ന ഉൽഭവങ്ങളെ ആസ്പദിച്ചു് എന്തെല്ലാം ചെറു വ്യവസായങ്ങൾ ഏപ്പെടുത്താനും, തന്മൂലം തൊഴിലില്ലായ്മ പരിഹരിപ്പാനും സാധിക്കുമെന്നും ഒരന്വേഷണം നടത്തുവാൻ കമ്മിററി ശിപാർശി ചെയ്യുിരിക്കുന്നു.

## ആയുസ്സിന്നുള്ള കൊതി

ആയുസ്സിന്നുള്ള കൊതി കൊണ്ടാണു് ഇപ്പോഴം ജമ്മൻകാർ യുദ്ധം ചെയ്യുന്നതത്രെ. ഡോക്ടർ ഗോബൽസ് അങ്ങിനെ പറയുന്നു. മററുള്ള കൊതിയൊക്കെ അവക്കു് വിട്ടിരിക്കാം. ഒരു കാലത്തു് ലോകത്തിലുള്ള രാജ്യങ്ങൾ മുഴുവൻ പിടിച്ചടക്കാൻ കൊതിച്ചു; കോടാനകോടി ജനങ്ങളുടെ രക്തം കുടിക്കാൻ കൊതിച്ചു; രാജാക്കന്മാരേയും ചക്രവത്തിമാരേയും ഹിററ്ലറുടെ കൊട്ടാരത്തിൽ പരിചാരക പ്രവൃത്തിക്കു നിയമിക്കാൻ കൊതിച്ചു. അക്കൊതി കൊണ്ടുള്ള യുദ്ധമെല്ലാം അവസാനിച്ചു; ഇപ്പോഴം ജീവനെ കൊതിച്ചു കൊണ്ടുള്ള യുദ്ധമാണത്രെ! വാസ്തവത്തിൽ ഒരു യുദ്ധത്തിൽ ഒരു സൈന്യം ശത്രുപക്ഷ സൈന്യത്തെ വെടികൊണ്ടൊ അടികൊണ്ടൊ തോല്പിക്കുന്നതിനേക്കാൾ വലുതായ തോലി ഇന്തരത്തിലുള്ള തോലയാണു്. യഥാത്ഥമായ ക്ഷാത്ര തേജസ്സും ലോകത്തെ ഭരിപ്പാനുള്ള കരുത്തും പ്രാപ്തിയും ഈയാൾക്കുണ്ടായിരുന്നുവെങ്കിൽ ഈ അപശബ്ദം പുറപ്പെടുമായിരുന്നില്ല. ഈ വക ആളുകൾ എന്തു് ദുഷ്ടത ചെയ്യുകയും മേൽപോട്ടു പൊന്തുവാൻ ശ്രമിക്കുന്നു; അതിൽ പരാജയപ്പെട്ടാൽ പശുക്കളെപ്പോലെ അകറുന്നു! ഇനിയെല്ലാം ജീവനെ കൊതിച്ചിട്ടും യാതൊരു കാര്യവുമില്ല

## യുദ്ധത്തിന്നു് 60,000 മൃഗങ്ങളെ ഇന്ത്യയിൽ നിന്നു് കിട്ടി

ആർമിറിമൌണ്ട് ഡിപ്പാർട്ട്മെൻറ് ഇന്ത്യയിൽനിന്നു് 60,000 ത്തിൽപരം മൃഗങ്ങളെ സൈന്യത്തിലെ ആവിശ്യത്തിന്നായി വാങ്ങി. കോവർ കഴുതകൾ ഉൾപ്പെടെ മുപ്പതിനായിരത്തിൽപരം മൃഗങ്ങളെ തെക്കെ ആഫ്രിക്കയിൽനിന്നു് കൊണ്ടുവന്നു. ബാക്കിയുള്ളവയെ ആർജൻറയിനിൽനിന്നും വടക്കെ അമേരിക്കയിൽനിന്നുമാണു് കൊണ്ടുവന്നതു്.

നായ്ക്കളെ ഒഴിച്ചു മററെല്ലാ മൃഗങ്ങളെയും വാങ്ങുന്നതും, വളത്തുന്നതും, ട്രെയിനിങ്ങ് ചെയ്യുന്നതുമെല്ലാം റിമൌണ്ട് ഡിപ്പാർട്ട്മെണ്ടുകാരാണു്. പട്ടാളത്തിൽ സാമാനങ്ങൾ ഏററികൊണ്ടുപോകുന്ന മൃഗങ്ങളുടെ ഒരു ചുരുങ്ങിയ ശതമാനം മാത്രം ആർ ഐ. എ. എസ്. സിക്കാർ ട്രെയിനിങ്ങ് കഴിക്കുന്നു.

കുതിരകൾ, കഴുതകൾ, കോവർകഴുതകൾ, കാളകൾ, ഒട്ടകങ്ങൾ ഇവയെ എല്ലാം പരിപാലിക്കുന്നതു് ആർമിറിമൌണ്ട് ഡിപ്പാർട്ട്മെണ്ടാണു്.

ഈ ഡിപ്പാർട്ട്മെണ്ടുകാർ കുതിരകളെയും കോവർകഴുതകളെയും വളത്തുന്ന കാര്യത്തിൽ ഇന്ത്യക്കാർക്ക വേണ്ടത്ര പ്രോത്സാഹനം കൊടുത്തിട്ടില്ലായിരുന്നവെങ്കിൽ, ഈ വക മൃഗങ്ങൾ വേണ്ടത്ര ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. പതിന്നാലാം പടയുടെ കൂന്നിച്ചുള്ള മൃഗങ്ങളിൽ അഞ്ചിൽ മൂന്നു കണ്ടു് ഇന്ത്യയിൽ വളത്തപ്പെട്ടവയാകുന്നു.

കാളകളേയുംകൂടി യുദ്ധകാര്യത്തിൽ ഉപയോഗിച്ചുവരുന്നുണ്ടു്. കാടുകളിൽ സാമാന വണ്ടികൾ വലിക്കേണ്ടതിന്നു് കാളകളെ ഉപയോഗിക്കുന്നതിനാൽ അത്രത്തോളം പെട്രോളിൻെറ ചെലവില്ല.

അന്തരിച്ച ജനറൽ വിൻഗേററാണു് കാളകളെ ഈ ജോലിക്കു ഉപയോഗിപ്പാൻ തുടങ്ങിയതു്.

മൃഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ഡിപ്പാർട്ട്മെണ്ട് വളരെ ശ്രദ്ധിക്കുന്നുണ്ടു്. 4,200 കോവർകഴുതകളെ തിരഞ്ഞെടുക്കുവാൻ അവർ 30,000 കോവർ കഴുതകളെ പരിശോധിച്ചിരിക്കുന്നു. അതിന്നു ശേഷമെ ചൈനീസ് സൈന്യത്തിന്നു് ഇവയെ അയച്ചുകൊടുത്തിട്ടുള്ളു.

കിഴക്കൻ രാജ്യങ്ങളിൽ നടക്കുന്ന യുദ്ധത്തിൽ ഈവക മൃഗങ്ങളില്ലെങ്കിൽ വളരെ കഷ്ടപ്പാടുകൾ നേരിട്ടേനെ.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജൂലായി 7-ാംനു, വെള്ളിയാഴ്ച

### ജാപ്പ് രംഗം

ഈ രംഗത്തിൽ പ്രധാനമായൊരു സംഭവമാണ് ബ്രിട്ടീഷ് പതിന്നാലാം പടയിലെ ചില സൈന്യങ്ങൾ ചെന്നു് യുക്രൂൾ കൈവശപ്പെടുത്തിയതു്. ഇതു് ഒരു ജാപ്പാൻ സൈന്യസങ്കേതവും ഇവിടെ നിന്നു് ഇന്ത്യയിലേക്കു ആക്രമണം ഒന്നുകൂടി നടത്താമെന്നു് മോഹിച്ചിരുന്നതുമാണ്. അയ്യായിരം അടി ഉയരത്തിലുള്ള ഒരു കുന്നിന്മേൽ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് യുക്രൂൾ. ജാപ്പാൻകാരുടെ പതിനഞ്ചാം ഡിവിഷ്യൻ സൈന്യം ഇവിടെയാണ് സ്ഥിതിചെയ്യുന്നതെന്നുള്ളതിന്നു പുറമെ ഇതു ജാപ്പാൻ സൈന്യത്തിന്റെ ഗതാഗതങ്ങൾക്കു ഒരു കേന്ദ്രപ്രദേശവുമാകുന്നു. ഇംഫാലിൽനിന്നു് കിഴക്കോട്ടും ചിണ്ട്‌വിൻ നദീതീരത്തിൽനിന്നു് കിഴക്കോട്ടും ഉള്ള റോഡുകളുടെ ഒരു മുക്കോട്ടുപ്രദേശവുമാണ് യുക്രൂൾ. ഈ പ്രദേശത്തുനിന്നു് ജാപ്പാൻകാരുടെ പതിനഞ്ചാം ഡിവിഷ്യൻ സൈന്യം ഒഴിഞ്ഞുപോയതിനാൽ ബ്രിട്ടീഷുകാരുടെ പതിന്നാലാം പടക്കു ഇപ്പോൾ ബിഷ്ണൻപൂർ പ്രദേശത്തുള്ള ജാപ്പാൻകാരുടെ മുപ്പത്തിമൂന്നാം ഡിവിഷ്യനെ നിഷ്കർഷയായി നേരിടാമെന്നുള്ള ഘട്ടമായി. ഇവിടെയുള്ള ജാപ്പാൻ സൈന്യത്തിന്റെ ആക്രമണബുദ്ധി ഇനിയും കുറഞ്ഞിട്ടില്ലെന്നു മാത്രമല്ല, ഇവിടെ വെച്ചു് അതിശക്തിയായ യുദ്ധം നടക്കുകയും ചെയ്യുന്നുണ്ടു്. ഏതായാലും യുക്രൂൾ നമ്മുടെ കൈവശം വന്നതിനാൽ ഇനി ഇംഫാൽ-ഡിമാപ്പൂരി റോഡിന്നു് ജാപ്പു് ബാധയുണ്ടാകാൻ വഴിയില്ല.

### കാങ്ങ്

യൂറോപ്പിലെ പശ്ചിമരംഗത്തിൽ ഇപ്പോൾ അതിശക്തിയായ യുദ്ധം നടക്കുന്ന പട്ടണപ്രദേശമാണ് കാങ്ങ്. ജനറൽ മണ്ട്ഗോമറിയുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സൈന്യങ്ങളും കനേഡിയൻ സൈന്യങ്ങളും ചെർബർഗ് നഗരിയുടെ വിജയം കഴിഞ്ഞ നിമിഷം മുതൽ ആക്രമണം ആരംഭിച്ചിരിക്കുന്നു. ജർമ്മൻകാരാകട്ടെ ചെർബർഗിനേക്കാൾ അധികം ശക്തിയോടുകൂടിയാണ് ഈ പട്ടണത്തിൽവെച്ചുള്ള യുദ്ധം നടത്തുന്നതും. ഒന്നാന്തരം പരുപരുത്ത ഏഴു ഡിവിഷ്യൻ ജർമ്മൻ പാൻസർ സൈന്യത്തെ ഈ സ്ഥലത്തുവെച്ചുള്ള യുദ്ധത്തിന്റെ ആവശ്യത്തിന്നു് കിഴക്കൻ രംഗത്തിൽനിന്നു് കൊണ്ടുവന്നിട്ടുള്ളതിന്നു പുറമെ ജർമ്മനിയിലെ സ്റ്റോം ട്രൂപ്പ്സ് സൈന്യനായകൻ തന്നെ ജനറൽ റോമ്മലിനെ സഹായിച്ചുകൊണ്ടു് ഇവിടെ യുദ്ധം ചെയ്യുന്നതുമുണ്ടു്. എന്നാൽ ജനറൽ മണ്ട്ഗോമറിക്ക് യുദ്ധത്തിന്റെ പരിണാമത്തെക്കുറിച്ചു യാതൊരു സംശയവും കൂടിയില്ല. തന്റെ കൈവശമുള്ള യുദ്ധനിവൃത്തി മാർഗ്ഗങ്ങളുടെ ഏതാനും ഒരു നിസ്സാരഭാഗം മാത്രമെ ഇവിടെ എത്തീട്ടുള്ളൂ. വേണ്ടതെന്തായാലും രംഗത്തിൽ എത്തിക്കേണ്ടതിന്നു് യാതൊരു തടസ്ഥവും ശത്രുക്കളിൽനിന്നു് മാർഗ്ഗത്തിലില്ലതാനും. കാങ്ങ് നഗരി പിടിക്കുന്ന കാര്യത്തിൽ ശത്രുവിനോടു വളരെ ബലമായി മല്ലിടേണ്ടിവരുമെന്നും അദ്ദേഹത്തിന്നറിയാം. കാങ്ങ് പാരിസ് പട്ടണത്തിലേക്കുള്ള പടിപ്പുരയാണ്. കാങ്ങ് പിടിച്ചുകഴിഞ്ഞാൽ പാരീസ്സിലേക്കുള്ള മാർഗ്ഗവും തെളിഞ്ഞു. ഇതാണ് ഇവിടെവെച്ചുള്ള മല്ലിന്നു് ഇത്ര ശക്തി.

### റഷ്യൻ രംഗം

റഷ്യൻ രംഗത്തിൽ വൈററ് റഷ്യയുടെ തലസ്ഥാനമായ മിൻസ്ക് നഗരിയിൽവെച്ചു് അതിഭയങ്കരമായ യുദ്ധം നടന്നതിന്നു ശേഷം റഷ്യൻ സൈന്യം പ്രസ്തുത നഗരിയെ ജർമ്മൻകാരുടെ വക്കൽനിന്നു് ജൂലായി 3-ാം തിയ്യതി പിടിച്ചെടുത്തിരിക്കുന്നു. രണ്ടു ലക്ഷം ജർമ്മൻ സൈന്യമാണ് ഈ നഗരിയിലുണ്ടായിരുന്നതു്. ഇവിടെവെച്ചു് ദീർഘിച്ച യുദ്ധം നടന്നേക്കാമെന്നു് പലരും പ്രതീക്ഷിച്ചുവെങ്കിലും കാലാഗ്നിപോലെ സർവ്വവും ദഹിപ്പിച്ചുകൊണ്ടുള്ള റഷ്യൻ സൈന്യത്തിന്റെ മുമ്പിൽ എഴുപത്തിരണ്ടു മണിക്കൂർകൊണ്ടാണ് ഈ നഗരി നിലം പതിച്ചതു്. രണ്ടു ലക്ഷം ജർമ്മൻ ഭടന്മാരിൽ നശിച്ചതു് കഴിച്ചു് ബാക്കിയുള്ളതെല്ലാം കീഴടങ്ങുകയല്ലാതെ അവക്കു മറെറാരു ഗതിയുമില്ല. മാർഷൽ റൊക്കോസോസ്കി തെക്കുനിന്നും, ജനറൽ മെർനിയകോസ്കി വടക്കുനിന്നുമാണ് മിൻസ്കിനെ

(ശേഷം 10-ാം പേജിൽ)

# സ്വാതന്ത്ര്യം

(ആർ. ഗാലിററി, ഐ. സി. എസ്സ്.)

(ഒരാകാശവാണി പ്രസംഗത്തിൽനിന്ന)

ഇംഗ്ലീഷ് സമുദായത്തിന്റെ സ്വാതന്ത്ര്യബോധത്തിൽപെട്ട അവകാശസമുച്ചയത്തെപ്പററി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചുവല്ലോ. ദേഹസംബന്ധമായ സ്വാതന്ത്ര്യവും സ്വത്ത് അനുഭവിപ്പാനുള്ള സ്വാതന്ത്ര്യവുമാണെല്ലോ അതിൽ പ്രധാനമായി പ്രതിപാദിച്ചതു്. ഈ സ്വത്തിന്നുള്ള അവകാശത്തെ നിയന്ത്രിപ്പാൻ ഇംഗ്ലീഷ് സമുദായം നിർബ്ബന്ധിതരായ ഒരു ഘട്ടമാകുന്നു. പ്രൊഫസർ ടോണി എന്ന മാന്യൻ ഇതിനെക്കുറിച്ചു് പറയുന്ന അഭിപ്രായം ശ്രദ്ധേയമാണു്.

"ഒരു സമുദായത്തിന്റെ സാമ്പത്തികവ്യവസ്ഥയുടെ രീതിയെക്കുറിച്ചു് എന്തെല്ലാമറിയാനുണ്ടു്, അതെല്ലാം നമുക്കറിയാമെന്നാണ് നമ്മുടെ ബോദ്ധ്യം. എന്താവശ്യത്തിന്നാണ് ഈ സാമ്പത്തികവ്യവസ്ഥ നിലനിൽക്കുന്നതെന്നുള്ള സംഗതിമാത്രം നമുക്കറിഞ്ഞുകൂടെന്നു തോന്നുന്നു. എന്നാൽ ഈ സംഗതി എത്രയോ വ്യക്തമായിട്ടുള്ളതാണു്. സർവ്വജനങ്ങളുംകൂടി സഹകരിച്ചു്, പൊതുജനോപകാരാർത്ഥം പ്രകൃതിയെ ജയിക്കുകയാണ് ഇതിന്റെ ആവശ്യം. അതിനാൽ വ്യവസായം ഒരു സാമുദായികകർമ്മമായിക്കരുതേണ്ടിയിരിക്കുന്നു. അതിൽനിന്നുണ്ടാകുന്ന ആദായത്തെ കണക്കാക്കീട്ടല്ലാ, അതുകൊണ്ടു് സമുദായത്തിന്നുള്ള ഉപയോഗത്തെ കണക്കാക്കീട്ടാണ് അതിന്റെ ഗുണദോഷത്തെപ്പററി ചിന്തിക്കേണ്ടതു്. ഈ തത്വത്തെ മുൻനിർത്തുന്നപക്ഷം, നാം ഇപ്പോൾ നടത്തുന്ന പലേ കർമ്മങ്ങളും ഏററവും ആക്ഷേപാർഹമാണെന്നു് നമുക്കു തോന്നാതിരിക്കയില്ല. പ്രകൃതി അനവധി സാധനങ്ങൾ മനുഷ്യന്നു അനുഗ്രഹിച്ചു് നൽകീട്ടുള്ളവയെല്ലാം ഒരുപക്ഷെ നാം വകവെക്കുന്നില്ല, അല്ലെങ്കിൽ വേണ്ടത്ര ഉപയോഗിക്കുന്നില്ല, അല്ലെങ്കിൽ സ്വാർത്ഥസമ്പാദനത്തിന്നുവേണ്ടി അവയെ നശിപ്പിച്ചുകളയുന്നു. ഈവിധം ആക്ഷേപാർഹമായ പ്രവൃത്തി നാം പലതിലും ചെയ്യുന്നുണ്ടു്. ഭൂമി, വൃക്ഷങ്ങൾ, ലോഹങ്ങൾ, പ്രകൃതിയുടെ മററു വിധത്തിലുള്ള വിളവുകൾ, സുന്ദരമായോ ഉപകാരപ്രദമായോ ഉള്ള സ്ഥലങ്ങൾ ഇവയെയെല്ലാം പുഷ്ടിപ്പെടുത്തുന്നതിലും, പരിരക്ഷിക്കുന്നതിലും. ഒരു സമുദായത്തിന്നു പൊതുവെ അവകാശമുണ്ടെന്നു മാത്രമല്ല, അതിന്റെ ഭാവിസന്താനങ്ങൾക്കു് കൂടി ഈ അവകാശമുള്ളതായി കരുതണം. ഭൂതകാലങ്ങളിൽ നാം അവയെ അതിനിന്ദ്യമായവിധം ദുരുപയോഗപ്പെടുത്തി, അവയിൽനിന്നു് ലാഭം സ്വാർത്ഥമായി പററിപ്പോന്നിരുന്നു. ഭാവിയിൽ ഇങ്ങിനെയായാൽ പോരാ. സ്വാർത്ഥലാഭത്തിൽ ദൃഷ്ടി ഇനി പററുകയില്ല. ഉത്തരവാദപ്പെട്ട ഒരു ട്രസ്റ്റിയുടെ ദൃഷ്ടിയാണ് നമുക്കു വേണ്ടതു്. രണ്ടാമതു്, സ്വത്ത് എന്ന പദത്തെപ്പററി കേട്ടാൽ അതു് ഏതു് തരത്തിലുള്ള സ്വത്താണെന്നു് വിവേകം ചെയ്യുന്ന കാര്യത്തിൽ നാം പ്രത്യേകം ശ്രദ്ധവെക്കണം. ചില തരത്തിലുള്ള സ്വത്തുക്കൾ മനുഷ്യൻ സ്വകാര്യസ്വത്തായി വെക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും തെററില്ല. എന്നാൽ മററുചില തരത്തിലുള്ളവയെ മനുഷ്യൻ സ്വകാര്യസ്വത്തായി കൈവശം വെക്കുന്നപക്ഷം ഒരു വ്യക്തിക്ക് ന്യായമായ വിധം ഉപയോഗിക്കാവുന്നതിൽ എത്രയോ ഉപരിയായ അധികാരം കൈവശം വരുന്നതിനിടയുള്ളതുകൊണ്ടു് അതങ്ങിനെ ചെയ്യാൻ പാടില്ല. മൂന്നാമതൊരുതരം സ്വത്ത് സ്വകാര്യസ്വത്തായി മനുഷ്യൻ കൈവശം വെച്ചു് കാണുന്നുണ്ടു്. ഇതുകൊണ്ടു് സിദ്ധിക്കുന്ന അവകാശം മററുള്ളവരുടെ മേൽ ഒരുതരം നികുതി ചുമത്താനുള്ള അധികാരം മാത്രമാണു്. അതിനാൽ സംശയരഹിതമായ വല്ല അവകാശങ്ങളും വല്ലവനിലും കാണുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ച രേഖ അവൻ ഹാജരാക്കേണമെന്നു് തീർച്ചയായും നാം നിർബ്ബന്ധിക്കണം. ഇത്തരത്തിലുള്ള കേസ്സുകൾ അനവധിയുണ്ടാകാൻ വഴിയുണ്ടു്. ഇതിനെല്ലാം പുറമെ പൊതുനന്മയെ ആസ്പദിച്ചുള്ള വ്യവസായങ്ങൾ ഏതാണെന്നും, ഒരു വ്യക്തിയുടെ നന്മയെ മാത്രം ആസ്പദിച്ചുള്ളതേതാണെന്നും വ്യത്യസ്ഥപ്പെടുത്തിക്കൊണ്ടു് നമുക്കിതേവരെയുണ്ടായിരുന്ന അഭിപ്രായങ്ങൾ പരിശോധിക്കേണ്ട കാലവും വൈകിയിരിക്കുന്നു. ഒരു വ്യവസായം പൊതുനന്മയെ ആസ്പദിച്ചുള്ളതൊ അല്ലയൊ എന്നു് തീർച്ചപ്പെടുത്തുന്നതു അതിന്റെ പേരുകൊണ്ടല്ല; അതിന്റെ യഥാർത്ഥ സംഗതികളിൽ നിന്നാണു്, ആർക്കെല്ലാം, എത്രകണ്ടു് അതിൽ അനുഭവമുണ്ടെന്നു് നോക്കീട്ടാണു; എത്ര ആളുകൾ അതിനെ ആശ്രയിച്ചിരിക്കുന്നുണ്ടു, എത്ര ആളുകളുടെ അവകാശങ്ങളെ അതു തട്ടുന്നുണ്ടു; ഒരു രാഷ്ട്രസമുദായത്തിന്റെ സാമ്പത്തികരംഗത്തിൽ അതിന്നു എന്തൊരു സ്ഥാനമാണുള്ളതു് എന്നുള്ള സംഗതികളെല്ലാം ആലോചിക്കണം."

വാൾട്ടർ ലിപ്പ്മേൻ എന്ന മറെറാരു മാന്യൻ പറയുന്നതു നോക്കണം:

"ഭൂമിയിലുള്ള ഏതൊരു മനുഷ്യന്റെയും അവകാശങ്ങൾ ഇന്നു ജീവിച്ചിരുപ്പുള്ള മററുള്ളവരുടെയും, നാളെ ജനിക്കാൻ പോകുന്നവരുടെയും അവകാശങ്ങളോടു യോജിപ്പിച്ചുകൊണ്ടുള്ളവയാകാനെ പാടുള്ളു. അതിനാൽ ഉപാധിയററ ഒരവകാശം ഉണ്ടെന്നു ഒരിക്കലും വിശ്വസിപ്പാൻ പാടില്ല. തല്ക്കാലം കൈവശം വെപ്പാനുള്ള ഒരവകാശം ആസ്പദിച്ചു ഒരു ഭൂമിയുടെ വിളവിന്നുള്ള പ്രാപ്തി നശിപ്പിക്കാനൊ, കാടുകൾ കത്തിച്ചുകളവാനോ, തോടുകളും പുഴകളും വററിക്കുവാനോ, ഭൂമിക്കുള്ളിൽ കിടപ്പുള്ള ലോഹങ്ങളെ സ്വേച്ഛാനുസൃതം ദുർവ്യയം ചെയ്യാനൊ ആർക്കും അധികാരമില്ല. ഇത്തരത്തിലുള്ള ഉടമസ്ഥന്മാരല്ല ഈ സ്വത്തുക്കളൊന്നും ഉണ്ടാക്കിയതു്. അവയെ നശിപ്പിച്ചുകളഞ്ഞാൽ രണ്ടാമതു ഉണ്ടാക്കുവാനുള്ള പ്രാപ്തിയും അവർക്കില്ല. ഭാവിസന്താനങ്ങളുടെ അവകാശങ്ങളെ വിലവെക്കേണ്ടതില്ലെന്നു പറവാൻ ഇവർക്കു് എന്തധികാരമാണുള്ളതു്.

"അതുപോലെത്തന്നെ സ്വകാര്യ സ്വത്തിൽ നിരുപാധികമായ ഒരവകാശംകൊണ്ടു ഭൂമിയും അതിലെ വിഭവങ്ങളും മററുള്ളവർക്കു യാതൊരവകാശങ്ങളും ഇല്ലെന്ന നിലയിൽ സ്വന്തമായി കൈവശംവെച്ചു, ഒരു മനുഷ്യന്റെ ഇഷ്ടംപോലെ മററുള്ളവരിൽനിന്നു് തോന്നുന്ന വില മേടിക്കാവുന്ന ഒരധികാരത്തിലും ആരും വിശ്വസിക്കുന്നില്ല. അങ്ങിനെയുള്ള അവകാശ ന്യായം വിശ്വസിക്കാവുന്നതാണെന്നു് പലരും നടിക്കുന്നുണ്ടായിരിക്കാം; എന്നാൽ പ്രായോഗികമായി അതു് നടത്താവുന്നതല്ല. തങ്ങളുടെ അവകാശങ്ങൾ നിരസിക്കപ്പെട്ടവരും, അവകാശങ്ങൾ ഒഴിയുവാൻ നിർബ്ബന്ധിതരാക്കപ്പെട്ടവരും മേൽ വിവരിച്ച അധികാരാവകാശപ്രമത്തന്മാരെ സർവ്വദാ ഉപദ്രവിച്ചുകൊണ്ടിരിക്കുമെന്നു മാത്രമല്ല, അവരുടെ പ്രേതം കൂടി ഇവരെ ചെന്നു് ഭയപ്പെടുത്തും. സ്വകാര്യ സ്വത്തിന്നുള്ള അവകാശങ്ങൾക്കു വല്ല ആട്ടവും ഇന്നു് തുടങ്ങീട്ടുണ്ടെങ്കിൽ അതു മിക്കതും പ്രസ്തുത അവകാശികൾ ഉണ്ടാക്കിത്തീർത്തതുതന്നെയാണു്. ഈ അവകാശങ്ങൾക്കു അല്പം ചില ഭേദഗതികൾ വരുത്തുവാൻ വല്ല ശ്രമവും ഉണ്ടെന്നു കണ്ടാൽ ഉടനെ ഈ ശ്രമങ്ങളെ അവർ തടയുന്നു. തന്മൂലം സാധുജനങ്ങളിൽ വിപ്ലവബുദ്ധിയുണ്ടാകുന്നു; ഭേദഗതി ചെയ്യൽ മാത്രം പോരാ; സ്വകാര്യസ്വത്തിന്നുള്ള അവകാശം ലോകത്തിൽ തീരെ നശിപ്പിക്കുക തന്നെ വേണമെന്നായിത്തീരുന്നു മനുഷ്യബുദ്ധി."

ഒരു നിയന്ത്രിത സമുദായജീവിയുടെ നിലക്കു ഇംഗ്ലീഷുകാരൻ രണ്ടു സ്വാതന്ത്ര്യാവകാശങ്ങളിൽ പ്രത്യേകം നിഷ്കർഷിക്കുന്നു. ഇതിൽ ഒന്നു ഇംഗ്ലീഷുകാരന്നു പ്രത്യേകമായിട്ടുള്ളതാണെന്നുതന്നെ പറയാം. എന്തു ചെയ്യാനും തനിക്കുള്ള സ്വാതന്ത്ര്യത്തെ മറെറാരുവൻ കൂട്ടാനൊ കുറക്കാനൊ ശ്രമിക്കരുതെന്നാണ് ഈ സ്വാതന്ത്ര്യബോധത്തിന്റെ ചുരുക്കം. കുററം ചെയ്യാനും തനിക്കു സ്വാതന്ത്ര്യം വേണമെന്നാണ് ഇംഗ്ലീഷുകാരന്റെ നില. സ്വാഭിമാനത്തിന്റെ അങ്ങെത്തലയാണു് ഈ സ്വാതന്ത്ര്യബോധം! കുററം ചെയ്യാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ എങ്ങിനെയാണ് ഒരുവന്നു മഹത്തായ കർമ്മങ്ങൾ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടാവുക, എന്നാണു് അവരുടെ ന്യായം. ഒരുവന്നു എന്തു കർമ്മവും ഒരു പ്രേരണയാലൊ, നിയന്ത്രിതമായൊ മാത്രമെ ചെയ്യാൻ സാധിക്കയുള്ളുവെങ്കിൽ, അങ്ങിനെയുള്ള സമുദായത്തിൽ എന്തു സൽഗുണമാണു്, എന്തു ദുർഗ്ഗുണമാണുള്ളതു്, എന്നാണ് മിൽട്ടൺ ചോദിക്കുന്നതു്. രണ്ടാമതൊരു വക സ്വാതന്ത്ര്യബോധമാണു് തങ്ങൾക്കിഷ്ടമുള്ളവരോടു കൂട്ടുചേരുവാൻ ഓരോ ഇംഗ്ലീഷുകാരന്നും ഉള്ള സ്വാതന്ത്ര്യം. ഇത്തരത്തിലുള്ള സ്വാതന്ത്ര്യം നടക്കുന്ന സമുദായത്തിൽനിന്നാണു് ജോയിന്റ് സ്റ്റോക്ക് കമ്പനിയും ലിമിറെറഡ് ലയബിലിററി കമ്പനിയും ഉണ്ടായിട്ടുള്ളതു്. രാഷ്ട്രീയകാര്യങ്ങളിൽകൂടി, അതാതു കാലത്തു അധികാരത്തിലിരിക്കുന്ന ഗവർമ്മേണ്ടിന്നെതിരായി ഇംഗ്ലീഷുകാർ തങ്ങളുടെ ഇഷ്ടംപോലെ യോഗം കൂടുവാൻ മടിക്കുന്നില്ല. ഇതിനെക്കുറിച്ചു് റസ്സൽ പ്രഭു പറഞ്ഞിട്ടുള്ളതു് പ്രത്യേകം ശ്രദ്ധേയമാണു്:

"ജനങ്ങൾ ഒന്നിച്ചുകൂടി സമ്മേളിക്കുവാൻ അവർക്കധികാരമുണ്ടു്. ദുഃഖകാരണങ്ങളൊന്നും അവർക്കില്ലെങ്കിൽ, അവരുടെ സഭകൾ ഇല്ലാതാക്കുവാൻ തങ്ങളുടെ ബുദ്ധിമാത്രം ഉപയോഗിച്ചാൽ മതി. ജനങ്ങൾ സ്വതന്ത്രമായി ചെയ്യുന്ന വാദപ്രതിവാദങ്ങളിൽനിന്നല്ല ഗവർമ്മേണ്ടിന്നു വല്ലതും പേടിക്കാനുള്ളതു്; ബലം പ്രയോഗിച്ചു ജനങ്ങളെ സ്വകാര്യമായ സംഘങ്ങൾ കൂടുവാൻ പ്രേരിപ്പിക്കുമ്പോളാണു് ഗവർമ്മേണ്ട് ഭയപ്പെടേണ്ടതു്."

(തുടരും)

# 25,000 ക. ഇനാം !

(ശാരദ)

പാറു അമ്മ: നോക്കിൻ, കൃഷ്ണൻ നായരെ, നൊമ്മള് ന്നാള് പരിയാനമ്പററക്ക് പൂവ്വമ്പളുള്ള മംഗലംകുന്നത്ത് ചെട്ട്യാരടെ പീട്യേല് ഒന്ന് എഴുതി തൂക്കിക്കണ്ടു് ? അമേരിക്കേല് ഒരു സായ്പ് ഹിററ്ലറെ പിടിച്ച് നൊമ്മടെ ഗവമ്മേണ്ടിന് കൊടുത്താൽ നല്ല ഒരു സംഖ്യ കൊടുക്കും ന്നല്ലെ അതില് കണ്ടതു് ? ആരെന്ത് സമ്മാനം കൊടുത്താന്താ, നിങ്ങൾക്ക് അതിനെപററി കൂട്ടം ഒന്നുല്ല്യാലൊ. ഉടുക്കാനും തെക്കാനും ഒന്നുല്യ; കുട്ട്യേളെ കാതിലും കഴുത്തിലും ഒരു വാഴനാരും കൂടിണ്ടോ ? നിങ്ങള് സ്കൂൾ മേഷ്ട്രാണ്, പ്രമാണി ആണ് എന്ന് ഞെളിഞ്ഞിട്ടെന്താ കാര്യം. ഇടക്ക് വേണ്ടാത്തതു് പ്രസംഗിച്ച് പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി ചെകിടത്തു് നാല് കിട്ടും, അത്രന്നെ. ഇങ്ങനെ തെണ്ടിനടക്കണേന്റെ പകരം ആ ഹിററ്ലറെയൊ മറെറാ പിടിച്ചു കൊടുത്താൽ എത്ര നന്ന്. ഇരിപത്തയ്യായിരം ഉറുപ്പിക കിട്ടുമെന്നുവെച്ചാൽ നോക്ക് കുറെ പണ്ടങ്ങളും പാത്രങ്ങളും ഒക്കെ ഉണ്ടാക്കിച്ചൂടെ. എന്തിനധികം പറേണു; എന്റെ തലേലെഴുത്ത്. എന്റെ ചെറുപ്പത്തില് വാഴലെ മനക്കിലെ നമ്പൂതിരിപ്പാട്ടിന്ന് സമ്മന്തം ആലോചിച്ചതു് നിങ്ങാക്കറിഞ്ഞൂടെ. എന്റെ യോഗം.

കൃഷ്ണൻ നായര്: എന്താ പാറോമെ, നിങ്ങൾക്ക് പ്രാന്ത്ണ്ടോ. ഹിററ്ലറെ പിടിക്കാച്ചാ വല്ല എലിയെ പിടിക്കുംപോലെയാണോ. നിങ്ങക്ക് കാശിന് കമ്പം ഉണ്ട്ച്ചാൽ അതിന് ഞാൻ എന്തെങ്കിലും ഗോഷ്ഠി കാണിക്കണോ ? എന്തിനാ ഹിററ്ലറെ പിടിക്കാൻ പറേണ്; അമ്പിളി അമ്മാമനെ പിടിക്കാൻ പറഞ്ഞൂടെ. പ്രാന്ത് നിങ്ങക്കെള്ളൂ, എനിക്കില്ല. ഇതു് വേറെ ആരും ഇരിക്കുമ്പോ പറേല്ലെ. നാലാള് കെട്ടാൽ പരിഹസിക്കും. ഞാൻ നാല് കാശ് സമ്പാദിക്കാൻ കഴിയുന്നത്ര നോക്കുന്നുണ്ട്. പക്ഷെ ഹിററ്ലറെ പിടിക്കാൻ ശ്രമിച്ച കാശൊന്നും എനിക്ക് വേണ്ട.

പാറു: നിങ്ങൾക്ക് തെണ്ടിക്കാൻ വയ്യങ്കിൽ ഇവിടെ വീട്ടിൽ ഇരുന്നോളിൻ. മേഷ്ട്രടെ ജോലിക്കൊന്നും പോണ്ട. അതൊണ്ടൊന്നും വല്ല്യ വരായയൊന്നും ഇവിടെ ഇല്ല. പാറൂനും മക്കൾക്കും വേണ്ടതു് പാറുതന്നെ തെണ്ടിച്ചുണ്ടാക്കണം. നിങ്ങൾക്കും രണ്ടു നേരം വയറു നറച്ച് വേണങ്കിൽ ഞാൻ തന്നെ തെണ്ടിക്കണം. പിന്നെ എന്തിനാ നിങ്ങൾ സംപാദിക്കയാണെന്നുവെച്ച് ഞെളിയണതു് ? നിങ്ങൾക്ക് വയ്യങ്കിൽ ഞാനൊന്ന് നോക്കട്ടെ ഹിററ്ലരെ കിട്ടോന്ന്.

കൃഷ്ണൻ: ഹിററ്ലറെ എവിടെയാണ് തെരയാൻ പോണതു് ? ചന്തേലും കാവിലും ഒന്നും വരില്ല്യ. പിന്നെ കണ്ടാൽതന്നെ, നിങ്ങള് വിളിച്ചോടത്തു വരാനിരിക്കില്ലെ ആയാള്! കഷ്ടം, എന്തൊരു ദുരാഗ്രഹമാണ് ഈ സ്ത്രീക്ക്!

പാറു: അതൊക്കെ പോട്ടെ. നിങ്ങൾക്കു ആയാളുടെ വല്ല ലക്ഷണങ്ങളും അറിയാമോ ? ഒന്നും അറിയില്ലെങ്കിൽ ആയാളുടെ ഒരു പോട്ടം എങ്കിലും എനിക്കു തരാൻ സാധിക്കോ.

കൃഷ്ണൻ: എനിക്ക് ഹിററ്ലരുടെ യാതൊരു ലക്ഷണങ്ങളും അറിയില്ല. ആയാളുടെ ഒരു ഫോട്ടോവും ഞാൻ കണ്ടിട്ടില്ല.

പാറു: ഹിററ്ലറെപ്പററി നിങ്ങൾ വളരെ ദീർഘിച്ച പ്രസംഗമെല്ലാം ചെയ്യാറുണ്ടല്ലൊ. നിങ്ങൾക്കു അറിയാത്ത ഒരാളെപ്പററിയാണൊ ഇത്രയൊക്കെ പ്രസംഗിക്കുന്നതു് ! കഷ്ടം, കൃഷ്ണൻ നായരെ; പഠിച്ച നിങ്ങളേക്കാൾ പടിക്കാത്ത ഞാനാണ് ഭേദം കിട്ടോ.

കൃഷ്ണൻ നായരും പാറു അമ്മയും ഭാര്യാഭർത്താക്കന്മാരാണെങ്കിലും അവർ അന്യോന്യം പേര് വിളിക്കുന്നതു് രണ്ടാൾക്കും സഹജമാണ്. കൃഷ്ണൻ നായരെക്കാൾ ഒരിരുപതു വയസ്സു പ്രായമേ പാറു അമ്മക്കു കുറകയുള്ളൂ. അതിനാൽ കൃഷ്ണൻ നായർ പാറു അമ്മയെ പേര് മാത്രം വിളിച്ച് പരിചയിച്ചിട്ടില്ല. കൃഷ്ണൻ നായരാകട്ടെ, ഭർത്താവായതിന്നു ശേഷമാണ് പാറു അമ്മ പേര് മാത്രം വിളിക്കുന്നതു് മാററിയതു്. ഇതാണ് ഭാര്യമാക്കു് ഭൂഷണമായ ഭാഷ വിട്ടു പാറു അമ്മ കൃഷ്ണൻ നായരോടു സംസാരിക്കാനുള്ള കാരണം. പോരെങ്കിൽ കൃഷ്ണൻ നായരുടെ ഊണ് പാറു അമ്മയുടെ ഹോട്ടലിലാണ്. കൊടുക്കാനുള്ളതു് എന്നും മിക്കതും ബാക്കിയാണെങ്കിലും ഇടക്കിടക്ക് ഒരു ശകാരവർഷംചെയ്തു പാറു അമ്മ കണക്കു തീർക്കുക പതിവാണ്. പക്ഷെ നാലു കുട്ടികളുടെ അച്ഛന്റെ നിലക്ക് കൃഷ്ണൻ നായരോടു പാറു അമ്മക്കു വളരെ സ്നേഹമാണുതാനും

പാറു: അപ്പോ, ഹിററ്ലറെപററി നിങ്ങൾക്കൊന്നും അറിയില്ല, അല്ലെ. ആയാൾ കറുത്തിട്ടോ, വെളുത്തിട്ടോ എന്നെങ്കിലും അറിയാമോ ?

കൃഷ്ണൻ: കറുത്തിട്ടല്ല; കറുത്ത മനുഷ്യർ നൊമ്മളല്ലെ. വെളുത്തിട്ടുമല്ല; വെളുത്തവർ നൊമ്മടെ സായ്പന്മാരായ വെള്ളക്കാരല്ലെ. ഹിററ്ലർ ഒരു തരം ചുകന്ന വർഗ്ഗത്തിൽ പെട്ടാളാണെന്നാണ് കേട്ടിട്ടുള്ളതു്. ദൈവത്തിന്നല്ലാതെ ആർക്കറിയാം.

കൊല്ലം 1944 അവസാനമായി; 1945 മാർച്ച് മാസവുമായി. ഐക്യകക്ഷികൾ യൂറോപ്യൻ രംഗങ്ങളിൽ സർവ്വോപരി വിജയികളായി. റഷ്യ കിഴക്കൻ രംഗത്തിലും അതിലൊട്ടും കുറയാത്ത വിജയം കൈപ്പററി. ഇരു കക്ഷികളും ബർലിൻ നഗരിയിൽവെച്ചു ഒത്തൊരുമിച്ചു, യുദ്ധത്തിന്റെ അവസാനവുമായി.

കുംഭമാസത്തിൽ പരിയാനമ്പററ പൂരത്തിന്നു ഇതുതന്നെയായിരുന്നു സർവ്വ ജനങ്ങളുടേയും സംഭാഷണവിഷയം. പാറു അമ്മയും കൃഷ്ണൻ നായരും പൂരം കാണാൻ വന്നുചേർന്നിരുന്നു.

പൂരം സാധാരണയിലധികം കേമമായിട്ടാണ് ഇത്തവണ. യുദ്ധം അവസാനിച്ച് ഐക്യകക്ഷികൾ വിജയികളായി എന്ന് പൊതുജനങ്ങൾക്കൊരു സന്തോഷം. നെല്ലിന്നും അരിക്കും വില താഴുമെന്നും, മണ്ണെണ്ണയും പഞ്ചസാരയും ധാരാളമായി കിട്ടുമെന്നും, വിളക്കു ധാരാളമായി കത്തിക്കാമെന്നും, പഞ്ചസാരയിട്ടു ചായ കുടിക്കാമെന്നും വലുതായ സമാധാനം. വിളക്കു ആകാശത്തിൽനിന്നു കാണത്തക്കവിധം കത്തിക്കാൻ പാടില്ല, കരിമരുന്നു പണിയുണ്ടാവാൻ പാടില്ല, എന്നുള്ള നിബന്ധനകൾ യാതൊന്നുമില്ല. പട്ടാളത്തിൽചേർന്ന് ഭർത്താക്കന്മാരും, ആങ്ങളമാരും മടങ്ങിവരാൻപോകുന്നുവെന്ന് കത്ത് വന്നതിനാൽ യാതൊരു കേടുംകൂടാതെ ഇവർ സ്വജനങ്ങളോടൊന്നിച്ച് വന്നുചേരുവാനിടവന്നാൽ കഴിക്കാമെന്നു പ്രാർത്ഥിച്ചുവെച്ച വഴിപാടുകൾ കഴിക്കാൻ എത്തിയ വനിതാവൃന്ദത്തിന്നൊരു കയ്യുംകണക്കുമില്ല. തിരഞ്ഞെടുത്ത കൊമ്പനാനകൾ നാലു ദിക്കിൽനിന്നും വരുന്ന പൂരങ്ങളിൽ സാധാരണയിലധികമായിട്ടുണ്ട്. ദേശീയ സമരനിരയുടെ അധികൃതന്മാർ സാധാരണയിലധികം ഉത്സാഹഭരിതരായി വിജയാഘോഷം മുഴക്കുന്നു. "ഐക്യകക്ഷികൾക്കു പരിപൂർണ്ണ വിജയം", "അഞ്ചാംപത്തിക്കാരുടെ നുണ കേൾക്കരുതെ", എന്നും മററുമുള്ള അറിയിപ്പുകൾ പലേടങ്ങളിലും എഴുതിപററിച്ചു് കാണുന്നുണ്ട്.

പാറു: ആരാണ് ഈ അഞ്ചാംപത്തിക്കാര് ?

കൃഷ്ണൻ: ശത്രുക്കളെ വാക്കുകൊണ്ടും കർമ്മംകൊണ്ടും ഗൂഢമായി സഹായിക്കുന്നവര്.

പാറു: എന്നാൽ നിങ്ങളും അഞ്ചാംപത്തിക്കാരനല്ലെ. നിങ്ങൾ പറയുന്നതു കേട്ടാൽ ഹിററ്ലർ നിങ്ങടെ അളിയനൊ മറെറാ ആണെന്നു തോന്നുമെല്ലോ ? നൊമ്മടെ രാജാവ് ജയിച്ചുന്ന്വെച്ചിട്ട് എത്രാള് സന്തോഷിക്കുന്നു. നിങ്ങൾക്ക് ഇനീം അതു് വിശ്വാസം വന്നിട്ടെന്നെ ഇല്ല്യാലോ. കഷ്ടം! നൊമ്മടെ രാജാവില്ലെങ്കിൽ കാണായിരുന്നു. ജാപ്പാനൊറെറ വന്നുച്ചികിൽ ഇവിടെ ഇക്കുറി പൂരം ഉണ്ടാവോ ?

കൃഷ്ണൻ: മിണ്ടാതിരിക്കു. വല്ല പോലീസ്സുകാരോമറേറാ ഇതൊന്നും കേൾക്കണ്ടാ. കുറച്ചു നേരം ഇവിടെ നിക്കു. കോൺഗ്രസ്സ് നേതാക്കന്മാർ ആരോ പ്രസംഗിക്കുന്നുണ്ടെന്നു തോന്നുന്നു. ഞാൻ ആ കാണുന്ന ജനക്കൂട്ടത്തിന്റെ അടുക്കെ ഒന്ന് പോയി വരാം.

പാറു: നിങ്ങള് പോയാലും വേണ്ടില, പ്രസംഗിച്ചാലും വേണ്ടില, തല്ല്കൊണ്ട് കയ്യും കാലും ഒടിഞ്ഞു വീട്ടിലേക്കു മടങ്ങി വരല്ലെ.

കൃഷ്ണൻ നായർ അവിടെ നടന്നിരുന്ന ഒരു സഭയുടെ കൂട്ടത്തിലേക്കു പോയി. പാറു അമ്മയും കുട്ടികളും നിന്നേടത്തുതന്നെ നിന്നു.

ശാരദ: അമ്മേ, എന്താ ഈ കാണുന്നതു് ? ചില ചിത്രങ്ങളൊക്കെ എഴുതി പററിച്ചിരിക്കുന്നുവെല്ലൊ

പാറു: അതു് സിനിമ കാണിക്കുന്ന സ്ഥലമാണ്.

ശാരദ: നോക്കൊന്ന് ഉള്ളിൽ പോയി കാണാം.

പാറു അമ്മയും കുട്ടികളും സിനിമ കാട്ടുന്ന കൂടാരത്തിന്റെ ഉള്ളിലേക്കു പോയി. ആൾവീതം കാലണ കൊടുക്കണം അകത്തേക്കു കടക്കാൻ. പലേ ചിത്രങ്ങളും കാണിക്കുന്നുണ്ട്.

സിനിമക്കാരൻ: ഇതു ഐക്യകക്ഷി സൈന്യങ്ങൾ പാരിസ് പട്ടണം പിടിക്കുന്നതാകുന്നു. ഇതു ഹിററ്ലരുടെ കോട്ടയാണ്. ഇതു് ഹിററ്ലറാണ്. ഇതു ഐക്യകക്ഷി സൈന്യങ്ങൾ ബർലിൻ നഗരി പിടിക്കുന്നതാണ്. ഹിററ്ലർ ആയാളുടെ മുറിയിൽ



മി. ചർച്ചിൽ ഫ്രാൻസ് സന്ദർശിക്കുന്നു. ഇടത്തുനിന്ന് വലത്തോട്ട്: ഫീൽഡ് മാർഷൽ സേർ അലൻ ബ്രൂക്ക്; മി. ചർച്ചിൽ; ജനറൽ സേർ ബർനാഡ് മണ്ട്ഗോമറി; ഫീൽഡ് മാർഷൻ സ്മട്ട്സ്

കടന്ന് അത്യാവിശ്യം വേണ്ട സാമാനങ്ങൾ കെട്ടുന്നു. ഈ ചിത്രം ഹിററ്ലർ ഗോബൽസിനോടു യാത്ര പറയുന്നതാണ്. ഞാൻ പോകുന്നു. ഇനി വല്ല ദിക്കിലുംവെച്ചു കാണാൻ യോഗം വന്നാൽ കാണാമെന്നാണ് ആയാൾ പറയുന്നത്. ഈ ചിത്രം ഹിററ്ലർ ഏറോപ്ലെയിൻ കയറി പോകുന്നതാണ്. ഇനിയും ചിത്രങ്ങൾ ഒരു പടിയുണ്ട്. പക്ഷെ കാലനാകുള്ളതു് കാട്ടിക്കഴിഞ്ഞു. എല്ലാവരും പുറത്തുകടക്കുവിൻ.

പാറു : കുട്ട്യേളെ പുവ്വാ. നോക്കു ഒരു കാലേലെഴത്തിന്റെ കൂത്ത്. ഒരു മുക്കാലിന് ഹിററ്ലറെ കാണാൻ സാധിച്ചില്ലെ ഇപ്പോ. അതു കാണാണ്ടെ പ്രസംഗം കേൾക്കാൻ പുവ്വേത്. കഷ്ടം. ഹിററ്ലറെ കണ്ടുച്ചാൽ നാളത്തെ സമ്മാനം കിട്ടോന്ന് നോക്കായിരുന്നു.

ഇങ്ങിനെ പറഞ്ഞിരിക്കുംപോഴേക്കും കൃഷ്ണൻ നായർ സഭ കഴിഞ്ഞു മടങ്ങിവന്നു. പാറു അമ്മയും മക്കളും കൃഷ്ണൻ നായരുംകൂടി പൂരംകണ്ട് സന്ധ്യയോടുകൂടി വീട്ടിലേക്കു മടങ്ങുകയും ചെയ്തു.

നേരം സന്ധ്യകറുത്തു. മംഗലംകുന്നത്താടിക്കപ്പുറമുള്ള പറമ്പിൽ ഒരു സന്യാസിവര്യൻ ഇരിക്കുന്നു. ആളെ നല്ലപോലെ തിരിച്ചറിവാൻ വയ്യ. സന്യാസി താടിയും തലയും വളർത്തീട്ടുണ്ട്. പാറു അമ്മയും കുട്ടികളും അടുത്തുചെന്നു നോക്കുന്നു.

പാറു : സന്യാസി എവിടുത്തുകാരനാ ?

സന്യാസി : മ്യാം, മ്യാം.

പാറു : ഓ, മിണ്ടാൻ വയ്യെ. പാവം. ഈ ഇരുട്ടത്തു എന്തു കാട്ടാനാണ്. എവിടുന്നാണ് വരണ് (എന്നു കൈമുദ്രസഹിതം ചോദിക്കുന്നു).

സന്യാസി : (മേല്പോട്ടു കൈ ഉയർത്തി) മ്യാം, മ്യാം.

കൃഷ്ണൻ : ദൈവം ഇവിടെ കൊണ്ടുചാടിച്ചൂന്ന്.

പാറു : എന്തൊരർത്ഥം പറേലാണ്. ഏറൊപ്ലെയിനിൽ വന്നൂന്ന് ആയിക്കൂടെ.

കൃഷ്ണൻ : പിന്നെ; ഏറൊപ്ലെയിനിലല്ലെ മംഗലംകുന്നത്തു വരണത്. മുറുക്കു വാങ്ങാനായിരിക്കാം.

പാറു : സന്യാസിടെ ഭാണ്ഡത്തിലെന്താണ് ? (ആംഗ്യം കാട്ടുന്നു.)

സന്യാസി : മ്യാം, മ്യാം. (കിടക്കാനുള്ളതാണെന്നു നടിച്ചു കാട്ടുന്നു.)

പാറു : ഈ സാധു പറമ്പിൽ കിടന്നു രാത്രി കഴിച്ചുകൂട്ടുന്നതെങ്ങിനെയാണ്. നമുക്കു ആയാളെ ചന്തപ്പുരയിൽ കൊണ്ടുവിടാം. (ആംഗ്യംകൊണ്ടു അവരുടെ പിന്നാലെ പോന്നുകൊള്ളാൻ പറയുന്നു.)

സന്യാസി അവരെ പിന്തുടർന്നു ചന്തപ്പുരവരെ എത്തി. പക്ഷെ വീട്ടിൽവന്നു വല്ല ഭക്ഷണവും കഴിച്ചുകൊള്ളട്ടെ എന്ന് പാറു അമ്മ പറഞ്ഞതിനാൽ ഒന്നിച്ചു അവരുടെ വീട്ടിലേക്കുതന്നെ പോയി.

ഇലവെച്ച് സന്യാസിക്കു ചോറുവിളമ്പിക്കൊടുത്തു. ചോറ് കുഴച്ചു കൂട്ടാൻ കൂട്ടി ഊൺ കഴിക്കുവാൻ ആയാൾക്കു യാതൊരു പരിചയവുമില്ല. അതിനാൽ ഒരു ഗ്ലാസ് നല്ല മോര് കൊടുത്തു. അതുമാത്രം കുടിച്ച് ആയാൾ കിടന്നു.

നേരം അർദ്ധരാത്രി. സന്യാസി ഉറങ്ങിയൊ, അതോ കടന്ന് പോയിയൊ എന്നറിവാനായി പാറു അമ്മ വാതിൽ തുറന്ന് പുറത്തുവന്നു. ഒന്നാന്തരം പട്ടുതുണി നിലത്തു വിരിച്ചു അതിൽ ഗാഢനിദ്രപ്രാപിച്ചുകിടക്കുകയാണ് സന്യാസി. സന്യാസിയുടെ സ്വരൂപം വിളക്കത്തു ആകപ്പാടെ ഒന്നു പാറു അമ്മ പരിശോധിച്ചു. സിനിമ കണ്ടതും, സന്യാസിയെ പറമ്പിൽവെച്ചു കണ്ടതും, ആംഗ്യംകൊണ്ടു ആകാശത്തിൽനിന്ന് വന്നതാണെന്ന് കാട്ടിയതും, ഉണ്ണാൻ വയ്യാത്തതും, പട്ടു വിരിച്ചു കിടക്കുന്നതുമെല്ലാം ഒന്നുകൂട്ടിയിണക്കി. ഉടനെതന്നെ കാളരാത്രിയുടെ കൂരിരുളിലേക്കു പാറു അമ്മ ലയിക്കുകയും ചെയ്തു.

നേരം വെളിച്ചായി. കൃഷ്ണൻ നായർ എഴുന്നേററ് പുറത്തുവന്നപ്പോൾ കണി ചെപ്പുളശ്ശേരി സബ്ബ് ഇൻസ്പെക്ടരെയാണ്.

ഇൻസ്പെ : നിങ്ങടെ സന്യാസി എവിടെ ?

കൃഷ്ണൻ : അപ്പുറത്തു കിടന്നുറങ്ങുന്നുണ്ട്.

ഇൻസ്പെ : പാറു അമ്മക്കു ഉറക്കമായിരിക്കാം. എന്തൊരു ധൈര്യശാലി, എപ്പോഴാണ് ആ സ്ത്രീ മടങ്ങി എത്തിയതു്.

കൃഷ്ണൻ : എനിക്കു യാതൊരു വിവരവുമില്ല. ഇന്നലെ പൂരം കഴിഞ്ഞു മടങ്ങിവന്ന് ഊണും കഴിഞ്ഞുറങ്ങുന്നതാണു ഞാൻ.

ഇങ്ങിനെ പറഞ്ഞിരിക്കുമ്പോഴേക്കു പാറു അമ്മ പുറത്തേക്കു വന്നു.

പാറു : ഞാൻ ഉറങ്ങുകയല്ലായിരുന്നു. സന്യാസിക്കു വേണ്ടതെല്ലാം ഒരുക്കികൊടുത്തു അയാൾ പോകാതെകഴിക്കാൻ നോക്കുകയാണ്. വരു, അയാളെ ഒന്ന് കാണേണ്ടെ. (ഇൻസ്പെക്ടരും, പാറു അമ്മയും കൂടി സന്യാസിയുടെ അരികിലേക്കു പോകുന്നു.)

ഇൻസ്പെക്ടർ സന്യാസിയെ കണ്ടമാത്രയിൽ അയാളുടെ ഭാണ്ഡം കസ്റ്റഡിലാക്കി, അതിൽ ഒരു പാരച്ചൂട്ടും ഒരു റേഡിയോ സെററും, ഒരു റിവോൾവറും കുറെ തെരയും ഉണ്ടായിരുന്നു.

ഇറിട്ടുന്നങ്ങോട്ടുള്ള കഥ വളരെ രസകരമാവാൻ വഴിയുണ്ട്. പക്ഷെ, ഇത്രയായപ്പോഴേക്കും ഞാൻ നിദ്രയിൽനിന്ന് എഴുന്നേററു. അപ്പോഴാണ് ഇതെവരെ കണ്ടതെല്ലാം സ്വപ്നമാണെന്ന് മനസ്സിലായതു്.

# ഹോർഡിങ്ങ് ആൻറ് ആൻറിപ്രോഫിററിയറിങ്ങ് ഓർഡിനൻസ്

(സി. സി. ദേശായി, ഐ. സി. എസ്, കൺട്രോളർ ജനറൽ, സിവിൽ സപ്ലൈസ്)

(ഒരാകാശവാണി പ്രസംഗം)

ഈ നിയമം ആദ്യം പാസ്സാക്കിയപ്പോൾ അതിന്ന് യാതൊരനുഭവവും ഉണ്ടാകയില്ലെന്നായിരുന്നു എല്ലാവരും പൊതുവെ വിചാരിച്ചിരുന്നത്. അങ്ങിനെയുള്ള കൺട്രോളുകൾ കച്ചവടകാര്യത്തിൽ പ്രായോഗികമായിരിക്കയില്ലെന്നും ആളുകൾ ധരിച്ചിരുന്നു. ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നില്ലെന്നല്ല; ഇന്നും ഉണ്ട്. അവ ഇല്ലെന്നോ, സാരമില്ലെന്നോ വിചാരിക്കുന്നത് വിഡ്ഢിത്തമാണ്. എന്നാൽ ഈ നിയമം നടപ്പിൽ വരുന്നകാലത്തുണ്ടായിരുന്ന ശങ്കകളെല്ലാം ഏറെക്കുറെ അസ്ഥാനത്തായിരുന്നുവെന്ന് അനുഭവംകൊണ്ടു തെളിയാറായി.

രാജ്യത്തു എല്ലായിടത്തും സാമാനങ്ങൾ അധികമായി സൂക്ഷിച്ചുവെക്കുന്നവരേയും അമിതാദായം കാംക്ഷിക്കുന്നവരെയും ദവശേന അധികൃതന്മാർ കണ്ടെത്തി പിടിക്കുന്നുണ്ടെന്നും, കേസ്സുകളെ കുറിച്ചു അന്വേഷണം നടത്തി കുററക്കാരെ ശിക്ഷിക്കുന്നുണ്ടെന്നും വർത്തമാനപത്രങ്ങൾ വായിച്ചാലറിയാം. നിയമം മുഖേന തെററുകാരായവരെ ജാതിമതവ്യത്യാസമന്യെ ശിക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് പത്രറിപ്പോർട്ടുകളിൽനിന്ന് മനസ്സിലാക്കാം. ശിക്ഷിക്കപ്പെട്ട കമ്പനികളിൽ ചിലത് കൽക്കത്ത, ലാഹോർ, ഡൽഹി എന്നീ സ്ഥലങ്ങളിലെ ചില യൂറോപ്യൻ കമ്പനിക്കാരാണ്; ചിലർ ഡൽഹി, ലക്നൌ, ലാഹോർ, പെഷവാർ, കൽക്കത്ത, മദ്രാസ്, കാൺപൂർ, അഹമ്മദബാദ്, ബോംബേ എന്നീ സ്ഥലങ്ങളിലെ ഭേദപ്പെട്ട ഇന്ത്യൻ കമ്പനിക്കാരുമാകുന്നു. പൊതുജനങ്ങളിൽനിന്നാരും ആക്ഷേപങ്ങൾ ഹാജരാക്കയില്ലെന്ന് ഒരു വിചാരം ഉണ്ടായിരുന്നതും അടിസ്ഥാനരഹിതമാണെന്ന് തീർച്ചയായി; നേരെമറിച്ചു പൊതുജനങ്ങളിൽനിന്ന് ദിനംപ്രതി ആക്ഷേപങ്ങൾ കിട്ടിവരുന്നു; കോടതികളിൽ കയറി സാക്ഷി പറയേണ്ട ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും മററും വകവെക്കാതെ സ്ത്രീകളും കൂടി ആക്ഷേപങ്ങൾ ഹാജരാക്കുന്നുണ്ട്. ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടെ വക്കൽനിന്ന് മാത്രമെ അപേക്ഷകൾ കിട്ടുന്നുള്ളുവെന്ന് ആരും ധരിക്കേണ്ടാ; യൂറോപ്യന്മാരുടെ പക്കൽനിന്നെ ഉള്ളുവെന്നും ധരിക്കേണ്ടാ. സർവ്വതരത്തിലുള്ളവരിൽനിന്നും ആക്ഷേപങ്ങൾ ഉണ്ട്; ഇന്ത്യനായാലും വേണ്ടില്ല, യൂറോപ്യൻ ആയാലും വേണ്ടില്ല, കുബേരനായാലും വേണ്ടില്ല, കുചേലനായാലും വേണ്ടില്ല. ഗവർമ്മെണ്ട് ചെയ്യുന്ന ഏതുകാര്യത്തിലും വിമർശനബുദ്ധി അത്യധികം പ്രദർശിപ്പിക്കുന്ന പത്രലോകവും കൂടി കൺട്രോൾ നിയമങ്ങളെക്കുറിച്ചു വേണ്ടത്ര പ്രസിദ്ധീകരണം സാദരം കൊടുത്തിരുന്നുവെന്നുള്ള സംഗതിയും പ്രത്യേകം പ്രസ്താവ്യമാണ്.

നിയമം ശക്തിയായി നടക്കുന്നുണ്ടെന്നുള്ള സംഗതിയെ ഉദാഹരിച്ചുകൊണ്ടു ചില കേസ്സുകൾ കോടതികളിൽ നടന്നവയെ ഞാൻ പ്രസ്താവിക്കാം. ഐക്യസംസ്ഥാനത്തിൽ ഒരൊററ മാസത്തിൽ 217 കേസ്സുകൾ ഹാജരാക്കി. ഇതിനു ഇതേവരെയായ 199 കേസ്സുകളിൽ വിധിപറഞ്ഞിരിക്കുന്നു അവയിൽ 168 കേസ്സുകളിൽ ശിക്ഷയും നൽകിട്ടുണ്ട്. പ്രസ്തുത സംസ്ഥാനത്തിൽ ശിക്ഷകൾ വളരെ കർശനമായിരുന്നതിനാൽ അവിടെ സാമാനങ്ങളുടെ വിലക്കും വളരെ സമാധാനമുണ്ട്. ഡൽഹിയിൽ പത്താഴ്ചകളിൽ 95 കേസ്സുകൾ റജിസ്റ്റർ ചെയ്തു. ഇതിൽ 28 എണ്ണം കോടതിയിലേക്കയച്ചു. ഇവയിൽ ചിലതിലെല്ലാം ശിക്ഷയും മററു ചിലതിൽ പിഴയും നൽകി. ബോംബായി ഗവർമ്മെണ്ട് ഒരു മാസത്തിനുള്ളിൽ 35 പ്രോസിക്യൂഷൻ അനുവദിച്ചു. അധികവില ചുമത്തുക, സാമാനങ്ങളില്ലെന്ന് പറയുക, രശീതി കൊടുക്കാതിരിക്കുക, വിലയുടെ നിരക്കു കാണിക്കുന്ന ലിസ്റ്റ് പൊതുവെ ഒരു സ്ഥലത്തു ഒട്ടാതിരിക്കുക, ഇതെല്ലാമായിരുന്നു ഈ കേസ്സുകളിലെ പ്രധാന കുററങ്ങൾ. സംസ്ഥാനത്തിലെ പല ദിക്കുകളിൽനിന്നും കേസ്സുകൾ വന്നിരുന്നു.

വിധിപറഞ്ഞ കേസ്സുകളിൽ മിക്കതും അധികാദായം എടുത്തതായിരുന്നു. ഒരു പെട്ടി സിഗററിന്ന് നാലണ അധികവില വാങ്ങിയ കുററത്തിന്ന് ബാറേലിയിൽ ഒരു കച്ചവടക്കാരന്ന് 1,000 ക. പിഴ കിട്ടി. ഒരു സൈക്കിൾ ട്യൂബിന്ന് 12 ണ. ജാസ്തി വാങ്ങി രശീതി കൊടുത്തില്ലെന്ന കുററത്തിന്ന് 1,200 ക. പിഴ കല്പിച്ചു. ഒരു തീപ്പെട്ടിക്കു കാലണ അധികം വാങ്ങിയതിന്ന് ബോംബായിൽ ഒരു കച്ചവടക്കാരന്ന് 3,640 കാലണ പിഴയടക്കേണ്ടിവന്നു. കാലണ അധികം വാങ്ങിയ മറെറാരു കേസ്സിൽ 700 ക പിഴയും അല്ലാത്തപക്ഷം രണ്ടു മാസത്തെ കഠിനതടവുമായിരുന്നു ശിക്ഷ. കൺട്രോൾ വിലയേക്കാൾ ഇരട്ടിവില വാങ്ങിയതിന്ന ഫിറോസ്പൂരിയിലെ ഒരു കച്ചവടക്കാരനെ ആറുമാസം കഠിനതടവിന്ന് ശിക്ഷിച്ചു. കൺട്രോൾ വില 1 ക. 14 ണുള്ള സിഗററ് 16 ക. ക്ക് വിററു എന്ന കുററത്തിന്മേൽ കൽക്കത്തയിൽ ഒരു കച്ചവടക്കാരന്ന് 3 മാസത്തെ കഠിനതടവു കിട്ടി. ഒരു ഫൌണ്ടൻപെൻ കൺട്രോൾ വിലയിൽ അധികരിച്ച വിലക്ക് വിററതിന്ന കൽക്കത്തയിലെ ഒരു യൂറോപ്യൻ കമ്പനി മാനേജർക്കു 500 ക. പിഴയും, വിററ ജോലിക്കാരിക്കു 100 ക. പിഴയും അടക്കേണ്ടിവന്നു. ലക്നോവിൽ നിയമം വളരെ കർശനമായി നടത്തിവരുന്നുണ്ടെന്നാണ് റിപ്പോർട്ട്. അവിടെവെച്ചു ഒരേ ഒരു ദിവസം മൂന്നാളുകളെ അറസ്റ്റ് ചെയ്തു. ഗോരക്ക്പുരിയിൽ 14 വയസ്സുള്ള ഒരു കുട്ടിയായിരുന്നു അധികാദായം വാങ്ങിയ ഒരു കേസ്സിലെ ഒന്നാം പ്രതി. കുററക്കാരനാണെന്ന് വിധിച്ചുവെങ്കിലും, ഈ കുട്ടിയെ ജാമ്യത്തിന്മേൽ വിട്ടയച്ചു. ഷാപ്പുടമസ്ഥന്ന 4 മാസത്തെ കഠിനതടവും 1,000 ക പിഴയും കിട്ടി നൂറു ശതമാനത്തിലധികരിച്ച ആദായം ഒരു ടിൻ സിഗററിന്മേൽ എടുത്തുവെന്നാണ് കുററം. കുററം നടക്കുന്ന സമയം താൻ ഷാപ്പിൽ ഉണ്ടായിരുന്നില്ലെന്ന് ഷാപ്പുടമസ്ഥൻ വാദിച്ചുവെങ്കിലും അതിന്നൊരു ഫലവുമുണ്ടായില്ല. മദിരാശി ഒരു ഇലക്ട്രിക്ക് കമ്പനി ഉടമസ്ഥനെ 450 മുതൽ 600 ശതമാനം വരെ ആദായത്തിൽ ബൾബുകൾ വിററുവെന്ന കുററത്തിന്ന് രണ്ടാഴ്ച മുമ്പു മൂന്നു മാസത്തെ കഠിനതടവിന്ന് ശിക്ഷിച്ചു. മറെറാരു കമ്പനിക്കാരനെയും ഇതേമാതിരി കുററത്തിന്ന ഇതേമാതിരി ശിക്ഷക്കു അർഹനാക്കി. വിധി എഴുതിയ മജിസ്ട്രേട്ട് പറഞ്ഞതു: "സാമാനങ്ങൾ വാങ്ങി മൂന്നാഴ്ചക്കുള്ളിൽ വാങ്ങിയവിലയേക്കാൾ എത്രയോ അധികരിച്ച വിലക്കു പ്രതി വിററിരിക്കുന്നു ഇങ്ങിനെയുള്ള സമുദായദ്രോഹത്തിനെ നിർത്തുവാനാണ് ഈ നിയമം."

സാമാനങ്ങൾ ഇല്ലെന്നു പറകയും, വിററു കഴിഞ്ഞാൽ രശീതി കൊടുക്കാതിരിക്കുകയും ചെയ്യുന്നതും ഈ നിയമം മുഖേന കുററങ്ങളാണ്. സാമാനം വില്ക്കാനിഷ്ടമില്ലെന്ന് പറയുന്നതു സഹിക്കാൻവയ്യാത്ത ഒരു കുററമാണ്. സാമാനം വാങ്ങാൻ വരുന്നവൻ അധികാദായകാംക്ഷിയുടെ ഇഷ്ടത്തിന്ന് കീഴടങ്ങിക്കൊള്ളണം, അല്ലെങ്കിൽ സാമാനം വേണ്ടെന്നു വെച്ചുകൊള്ളണം എന്നാണ് അർത്ഥമെന്നു വ്യാഖ്യാനിച്ചുകൊണ്ടു ഡൽഹിയിലെ ഒരു മജിസ്ട്രേട്ട് ഒരു കച്ചവടക്കാരന്ന് 1,000 ക. പിഴകല്പിച്ചു. ഒരു ഗ്രാമഫോൺ റെക്കാഡ് ആൽബത്തിന്ന വലുതായ വില പറകയും രശീതി ചോദിച്ചപ്പോൾ സാധനം വില്പാൻ തെയ്യാറില്ലെന്നും പറഞ്ഞുവെന്നാണ് കേസ്സ് ഇതുപോലെ തന്നെ സൈക്കിളിൻെറ ചില ഭാഗങ്ങൾ കൈവശം ഉണ്ടായിട്ടും വില്പാൻ തെയ്യാറില്ലെന്ന കുററത്തിന്ന മറെറാരു പട്ടണത്തിൽ ഒരു സൈക്കിൾ കച്ചവടക്കാരനെ അറസ്റ്റ് ചെയ്തു. ഒരു സാമാനം വാങ്ങിയതിന്ന ബിൽ കൊടുക്കാത്തതിനാൽ കാൺപൂരിൽ ഒരു കച്ചവടക്കാരന്ന് 200 ക. പിഴ കല്പിച്ചു.

അധികാദായം കാംക്ഷിക്കുന്ന കച്ചവടക്കാരുടെ ഏജൻറ്മാരാണ് ഷാപ്പിൽ സാമാനം എടുത്തുകൊടുപ്പാൻ നില്ക്കുന്നവർ. ഇവരും നിയമം മുഖേന ശിക്ഷക്കു അർഹന്മാരാണ്. ഒമ്പതണ വിലക്കുള്ള ബൂട്ട് പോളീഷ് ഒന്നര ഉറുപ്പികക്കു വിററതിന്ന് കൽക്കത്തയിലെ ഒരു ഷാപ്പുടമസ്ഥന്ന് 500 ക. പിഴയും, സാമാനം എടുത്തുകൊടുക്കുന്നവന്ന് 100 ക. പിഴയും കിട്ടി. നിയമം തന്നെ ഷാപ്പുടമസ്ഥനേയും

വിൽക്കുന്നവരെയും പ്രോസിക്യൂട്ട് ചെയ്യേണമെന്നാണ്. കൺട്രോൾ നിയമം കർശനമായി നടത്തുവാൻ ഗവർമ്മെണ്ട് ഉത്സുകരാണെന്ന് മേൽപറഞ്ഞ ഉദാഹരണങ്ങൾകൊണ്ടു തെളിവാൻ പ്രയാസമില്ല.

ഈ നിയമം മുഖേന അനവധി സാമാനങ്ങൾക്കു കൂടിയ വില ഇന്നതെ പാടുള്ളുവെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇവയൺ കമ്പിളി, പ്ലാനൽ മുതലായവ, ഫൌണ്ടൻപെൻ, സൈക്കിൾ, സൈക്കിളിന്റെ ഭാഗങ്ങൾ, ഫോട്ടോ എടുപ്പാനുള്ള ഉപകരണങ്ങൾ, സിഗററ്റ്, ഇമിറേറ്റഷൻ പട്ടുനൂല്, തോക്കിന്റെ തിര, ഇലക്ട്രിക്ക് ബൽബ്, റേസർബ്ലേഡ്, റേഡിയോ വാൽവ് ഭാഗങ്ങൾ, ബൂട്ട്പോളീഷ്, പട്ടുതുണി. ഈ നിയമം വരുന്നതിന്നു മുമ്പ് ഈ സാമാനങ്ങൾക്കെല്ലാം 300 ശതമാനത്തിൽ അധികരിച്ച വിലയായിരുന്നു. ബൂട്ട്പോളീഷിന്നും, തോക്കിന്റെ തിരക്കും, കമ്പിളികൾക്കും 500 ശതമാനത്തിലും അധികരിച്ചിട്ടുണ്ടായിരുന്നു. തള്ളിതള്ളി കയറുന്ന വിലയെ തടയുവാനും, നിലവിലുള്ള അധികരിച്ച വിലയെ കുറക്കുവാനും, താണസ്ഥിതിയിലുള്ളവർക്കു ഈ വക സാമാനങ്ങൾ വാങ്ങുന്ന കാര്യത്തിൽ കഴിയുന്നത്ര സഹായം ചെയ്യാനുമാണ് ഈ നിയമം ഉണ്ടാക്കീട്ടുള്ളതു്. നിയമം നടപ്പിലായതിന്നുശേഷം സൈക്കിളുകൾക്കു 36 ശതമാനം വില ചുരുങ്ങീട്ടുണ്ട്. ഫൌണ്ടൻപെന്നിന്ന് 53 ശതമാനം; കമ്പിളി സാമാനങ്ങൾക്കു 54 ശതമാനം; റേസർ ബ്ലേഡുകൾക്കു 55 ശതമാനം; തോക്കിന്റെ തിരക്കു 55 ശതമാനം; ബൂട്ട്പോളീഷ് 62 ശതമാനം; ഈ തോതുകളനുസരിച്ചു സാമാന വിലകൾ ചുരുങ്ങിയിരിക്കുന്നു. ഈ തോതിലുള്ള വില താഴ്ച തൃപ്തികരമാണെന്ന് പറയാതെ കഴികയില്ലെങ്കിലും, ഇനിയും ഈ വിലകളൊന്നും യുദ്ധകാലത്തിന്നു മുമ്പുള്ള തോതിലോ ബ്രിട്ടൺ, ആസ്ത്രേലിയ, കനഡ എന്നീ രാജ്യങ്ങളിൽ യുദ്ധകാലത്തു തന്നെ അനുഭവിച്ച തോതിലോ എത്തീട്ടില്ലെന്നു് തീർത്തു പറയാം. പ്രസ്തുത രാജ്യങ്ങളിൽ എത്തിയ വിലയുടെ തോതിൽ നമുക്കെത്തുവാൻ സാദ്ധ്യമാണെന്ന് തോന്നുന്നില്ല; നാം ഇന്ത്യയിൽ അമിതമായ വിലക്കാരുടെ നേരെയുള്ള നിയമം നടപ്പാക്കിയതു് കുറെ കഴിഞ്ഞതിന്ന് ശേഷമാണല്ലോ. പുറമെ, സാമാന വില സാമാനങ്ങൾ വേണ്ടത്ര കിട്ടുവാൻ തുടങ്ങുന്നതുവരെക്കും അധികമായി താഴ്ത്തുവാൻ ശ്രമിക്കുന്നതു് നിഷ്ഫലമായിരിക്കും. പോരെങ്കിൽ മനുഷ്യജീവിതത്തിന്നത്യാവശ്യമായ മററു സാമാനങ്ങളുടെ വിലയുടെ തോതു് താഴുകയും ചെയ്തിട്ടില്ല.

ഗവർമ്മെണ്ടിന്റെ ഉദ്ദേശം ഈ നിയമത്തിന്റെ പരിധിക്കുള്ളിൽ പെട്ടവരുടെ അനുകൂല്യങ്ങൾ പരിഗണിച്ചുകൊണ്ടു അതിനെ നടപ്പാക്കേണമെന്നാണ്. വിശിഷ്യ കച്ചവടക്കാരുടേയും, സാമാനങ്ങൾ വാങ്ങുന്നവരുടേയും അനുകൂല്യങ്ങൾ. ക്രയത്തിൽ ആർക്കും ഒരു ദോഷം പററരുതെന്നാണ് ഗവർമ്മെണ്ടിന്റെ ആവശ്യം. കച്ചവടക്കാർ ഭൂതകാലത്തിൽ അധികാദായ പററിച്ചുവെങ്കിൽ കൂടി അവർ സമുദായത്തിന്റെ സാമ്പത്തിക രംഗത്തിൽ ഒരു പ്രധാന ഭാഗം വഹിക്കുന്നവരാണ്. അവരുടെ ഉപദേശവും സഹകരണവും ഇല്ലാതെയാതൊരു കൺട്രോളും ഫലപ്രദമാകാൻ വഴിയില്ല. അതിനാൽ അനവധി ഉപദേശകക്കമിററികളെ ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്നും പുറമെ പ്രമാണികളായ അനുദ്യോഗസ്ഥ സ്ത്രീപുരുഷന്മാരൾപ്പെടെ ഒരു സെൻട്രൽ കൺസ്യൂമേർസ് കൌൺസിലും ഗവർമ്മെണ്ട് രൂപീകരിച്ചിരിക്കുന്നു

സാമാനങ്ങൾ അധികമായി ശേഖരിച്ചുവെക്കുക, അമിതമായ എടുക്കുക എന്നീ സമ്പ്രദായങ്ങളെ തടയേണ്ടതിന്ന് ഗവർമ്മെണ്ട് എടുക്കുന്ന നടപടികളെ കുറിച്ചാണ് ഇതെവരെ പ്രസ്താവിച്ചതു്. പൊതുജനങ്ങളുടെ സഹകരണമില്ലാതെ ഈവക യാതൊരു പരിശ്രമങ്ങളും സഫലമാകുന്നതല്ല. ഭാഗ്യവശാൽ ഈ സഹകരണം പൊതുജനങ്ങളിൽനിന്ന് ഗവർമ്മെണ്ടിന്ന് ധാരാളമായി കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഗവർമ്മെണ്ടിന്നു ഇപ്പോഴും കലശലായ തലവേദനയുണ്ടാക്കുന്ന വിഷയം ബ്ലാക്കുമാക്കററാണ്. ഇക്കാര്യത്തിലും ഒരു നിവൃത്തിമാർഗ്ഗം പൊതുജനങ്ങളുടെ ഉത്സാഹവും സഹകരണവും തന്നെയാണ്. കൺട്രോൾ വിലക്കല്ലാതെ സാമാനങ്ങൾ വാങ്ങാതിരിക്കുകയും, കൺട്രോൾ വിലക്കല്ലാതെ സാമാനങ്ങൾ വല്ലവരും വില്ക്കുന്നുണ്ടെങ്കിൽ അധികൃതന്മാർക്കു അറിയിക്കുകയും ചെയ്താൽ അതു പൊതുജനങ്ങളിൽനിന്ന് വലിയ സഹകരണമായി. സമുദായശത്രുക്കളെ എപ്പോഴും നല്ലവണ്ണം സൂക്ഷിക്കണം. ബ്ലാക്ക്മാക്കററിൽ സാമാനം എത്തിച്ചേരുന്നതിനെ തടയുവാൻ സാമാന വിതരണവും ഗവർമ്മെണ്ട് കൺട്രോൾ ചെയ്യാൻ പോകുന്നു. ഇതു വിദേശ സാമാനങ്ങളായാലും വേണ്ടില്ല, സ്വദേശ സാമാനങ്ങളായാലും വേണ്ടില്ല. പക്ഷെ, എന്തു ചെയ്താലും, ബ്ലാക്ക്മാക്കററ് കുറേശ്ശയെങ്കിലും ഇല്ലാത്ത ഏതു രാജ്യവും ഇല്ല. പൊതുജനസഹായസഹകരണമുണ്ടെങ്കിൽ ബ്ലാക്ക്മാക്കററിനെ വകവെക്കേണ്ടതില്ലെന്ന നിലയിൽ അതിന്റെ വണ്ണം ചുരുക്കാവുന്നതാണ്.

(5-ാം പേജിൽനിന്നു തുടർച്ച)

വളഞ്ഞതു്. ഈ നഗരിയായിരുന്നു ജർമ്മൻകാർക്ക് ശേഷിച്ചിട്ടുണ്ടായിരുന്ന വലിയ ഒരു സൈന്യകേന്ദ്രം. മൂന്നു കൊല്ലം ആറു ദിവസത്തിന്നു മുമ്പാണ് 1941 ജൂൺ 27-ാം തിയ്യതി മിൻസ്ക് ജർമ്മൻസൈന്യം ആക്രമിച്ചു പിടിച്ചതു്. മിൻസ്കിന്ന് ശേഷം അടുത്തുണ്ടായ മറെറാരു റഷ്യൻ വിജയമാണ് പോളോട്സ്ക്. വൈററ് റഷ്യയിൽകൂടി റഷ്യൻ സൈന്യം കുതിച്ചു കയറുന്നതു് വേറെ എങ്ങോട്ടുമല്ല. ജർമ്മനിയുടെ കിഴക്കൻ അതൃത്തിയിലേക്കു തന്നെയാണ്. വൈററ് റഷ്യ ഒരു വഴി; പോളോട്സ്ക് മറെറാരു വഴി; ഇനി പോളണ്ടിൽ കൂടിയും, നാലാമതു് റുമേനിയായിൽ കൂടിയും മററുവഴികൾ ഉണ്ടായിക്കൂടെന്നില്ല. റഷ്യൻ സൈന്യം ചെന്നു പെട്ടിട്ടുള്ള ഫിൻലാണ്ട് രംഗവും സജീവമായിരിക്കുന്നു. ഫിൻലാണ്ടിന്റെ തലസ്ഥാന നഗരിയായ ഹെൽസിങ്കി ജർമ്മൻകാർ സ്വാധീനമാക്കിയതിന്നുശേഷം ഫിൻലാണ്ടിലെ സൈന്യനായകൻ ഒരു പ്രസ്താവനയും പുറപ്പെടുവിച്ചു: "എന്താപത്തു വന്നാലും റഷ്യക്കാർക്ക് ഞങ്ങൾ കീഴടങ്ങുന്നതല്ല" എന്ന്. ഫിൻലാണ്ടിന്റെ മനസ്ഥിതി മാറാൻ ഭാവമില്ലെന്നു് കണ്ടു അമേരിക്കയും ഫിൻലാണ്ടിനോടു കയ്യൊഴിച്ചു. ഫിൻലാണ്ടിന്റെ നേരെ ഇനി ഒടുവലത്തെ റഷ്യൻ അടിമാത്രമെ ബാക്കിയുള്ളൂ.



# എം. ആർ. എ. എസ്സ്.: ഇന്ത്യൻ സൈന്യത്തിലെ ഒരു പുതിയ ശാഖ

## മിലിട്ടറി എയർ റെയിഡ് സാർവീസ്

(ലഫ്ടനെൻറ് കേണൽ ആർ. ജി. ട്രിഗ്സ്)

പട്ടാളത്തിൽ ജോലിക്ക് പ്രവേശിച്ചതിന്നു ശേഷം മൂന്നു പ്രാവിശ്യം മദിരാശി വന്നു ജോലി ചെയ്യാനുള്ള ഭാഗ്യം എനിക്കുണ്ടായി. ആദ്യം വന്നതു് 1925ൽ ആയിരുന്നു. അന്നത്തെ കാലാവസ്ഥയും ഇന്നത്തേതും താരതമ്യപ്പെടുത്തി നോക്കുന്നതു് വളരെ രസകരമാണു്. അന്നു് മദിരാശി ഒരു റേഡിയോ സ്റ്റേഷനില്ല; ടാക്കികൾ ഇല്ല. സിനിമകളെല്ലാം നിശ്ശബ്ദമായ പ്രദർശനങ്ങളായിരുന്നു. കളി നടക്കുന്നതിൻെറ ഇടക്കിടക്കു കുറെശ്ശ സംഗീതം മാത്രമെ ഉള്ളു; എന്നാൽ സന്ദർഭമെന്തായാലും ശരി, ശൃംഗാരമൊ, ബീഭത്സമൊ, കരുണമൊ, രൌദ്രമൊ, രംഗരസം എന്തൊ ആകട്ടെ, പാട്ടെല്ലാം ഒരേ ഒരു തരത്തിലുള്ളവയാണു്! ഇതിൻെറ അനുഭവം എന്തായിരിക്കുമെന്നു് ഊഹിച്ചാൽ മതി. അന്നു് കച്ചവട സമൃദ്ധിയുള്ള കാലം; ആളുകളുടെ കൈവശം കാശ്ശു് ധാരാളം.

രണ്ടാമതു് എന്നെ മദിരാശിക്കു ജോലിയിൽ മാററിയതു് 1936ൽ ആയിരുന്നു. കച്ചവട സമൃദ്ധിയില്ലാത്ത കാലം. ഷാപ്പുകളിൽ ജനങ്ങളുടെ നിത്യസുഖത്തിന്നുള്ള ഉപകരണ സാധനങ്ങൾ ധാരാളമുണ്ടുതാനും. ജനങ്ങൾ അലക്ഷ്യമായും സുഖലോലുപന്മാരായും ജീവിച്ചു. പണിയെടുക്കാൻ ധാരാളം വകയുണ്ടു്; ധാരാളം സമയവുമുണ്ടു്. അന്നു് ആസ്ട്രേലിയായിൽ നിന്നൊരു ക്രിക്കററ് കളി സംഘം മദിരാശി വന്നു. അക്കാലത്തെ സ്മാരകമായി ഇന്നും എൻെറ കയ്യിൽ ഒരു സിഗാററ് പെട്ടിയുണ്ടു്. അതിനെ ഞാൻ ഒരമൂല്യവസ്തുവായിക്കരുതിവരുന്നു. അതെനിക്കു മദിരാശി ക്രിക്കററ് സംഘം സമ്മാനിച്ചതാണു്. ക്രിക്കററ് മാച്ചുകൾ കളിച്ചിരുന്നതിന്നു് ഞാൻ ഓണററി സിക്രട്ടറിയായി ജോലി ചെയ്തതിന്നു് പ്രത്യുപകാരമായിട്ടാണു് ആ സിഗാററ് പെട്ടി അവർ എനിക്കു സമ്മാനിച്ചതു്.

മൂന്നാമത്തെ വരവു് 1944ൽ ആണു്. ഇന്നു് മദ്രാസ് സംസ്ഥാനത്തിൽ എങ്ങാണ്ടോ ജോലിചെയ്തുവരുന്നു. ഞാൻ ഇവിടെയുണ്ടായിരുന്ന കാലത്തു് സ്നേഹിതന്മാരാകാനിടവന്ന ഇന്ത്യക്കാരും യൂറോപ്യൻമാരുമെല്ലാം എന്നെപ്പോലെത്തന്നെ മദ്ധ്യവയസ്കന്മാരായി. അവർ മിക്കവരും താന്താങ്ങളുടെ സ്ഥിതിക്കനുസരിച്ചു മദിരാശി നടന്നുവരുന്ന യുദ്ധപരിശ്രമങ്ങളെ സഹായിച്ചുവരുന്നു. അവരിൽ പലരും സൈന്യസംബന്ധമായ ജോലികളിൽ ചേർന്നു എന്നെപ്പോലെത്തന്നെ ഇന്ത്യയുടെ പലേ സ്ഥലങ്ങളിലുമായി പര്യടനം ചെയ്തുവരുന്നു. പൊതുവെയുള്ള അഭിപ്രായം നോക്കുകയാണെങ്കിൽ ഇന്നു് മദിരാശി ചെയ്തുവരുന്ന മാതിരി യുദ്ധ പരിശ്രമം മററൊരു ദിക്കിലുമില്ലെന്നു് തീർത്തു പറയാം ഇതിന്നു് ഞങ്ങൾ കൃതഘ്നന്മാരല്ലെന്നു് പറഞ്ഞുകൊള്ളട്ടെ.

യുദ്ധം തുടങ്ങുന്നതിന്നു മുമ്പു് സ്വപ്നത്തിൽ കൂടികാണാത്ത ഒരു തരം ബററാലിയനിലാണു് ഞാൻ ജോലി ചെയ്യുന്നതു്. ഇതിന്നു് ഇന്ത്യൻ മിലിററി എയർ റെയിഡ് സാർവിസ് ബററാലിയൻ എന്നാണു് പേർ. ഇതിലുള്ളവർ മിക്കതും ഫയർ ബ്രിഗേഡ് സേർവീസിലും എ. ആർ. പി. സാർവീസിലുമായി ഇന്ത്യയിൽ പലേടങ്ങളിലും പ്രവൃത്തിചെയ്തു ഉദ്യോഗസ്ഥന്മാരും ജോലിക്കാരുമാകുന്നു. വിമാനാക്രമണമുണ്ടാകുമോ എന്നു് ശങ്കിക്കാനിടവന്നതും ഇന്നു് തീരെ ഭയപ്പെടുവാനില്ലെന്നു് വന്നതുമായ സ്ഥലങ്ങളിൽനിന്നു വന്നവരാണു് ഇവർ. ഇന്ത്യയുടെ പലേടങ്ങളിൽനിന്നും വന്നുചേർന്ന ഇവർ പതിമൂന്നു വിധം ഭാഷ സംസാരിക്കുന്നവരാണു്.

ഇത്തരത്തിലുള്ള ബററാലിയൻ ഇതു് മാത്രമല്ലാ ഉള്ളു. എത്രയുണ്ടെന്നു് എനിക്കറികയില്ല. അവയുടെ ഉത്ഭവം എതാണ്ടു് ഇങ്ങിനെയാണു്. ശത്രുപക്ഷക്കാരെ മിഡിൽ ഈസ്റ്റ് പ്രദേശത്തു് തോല്പിച്ചുകഴിഞ്ഞപ്പോൾ ഇന്ത്യയുടെ പടിഞ്ഞാറൻ പ്രദേശത്തേക്കുള്ള ആപത്തൊഴിഞ്ഞു. അതിനാൽ അവിടങ്ങളിൽ ഫയർ സാർവീസുകളിലും എ. ആർ. പി. സാർവീസുകളിലും ജോലി ചെയ്തിരുന്നവരെല്ലാം ഒഴിവായി. നല്ല പരിശീലനം ലഭിച്ചവരെ ഈ വിധം ഉപയോഗശൂന്യമാക്കുന്നതു് ശരിയല്ലെന്നു് കരുതി ഇന്ത്യാ ഗവർമ്മെണ്ടു് ഇവരെയെല്ലാം ശേഖരിച്ചു രൂപീകരിച്ച ഒരു സംഘടനയാണു് എ. ആർ. പി. ബററാലിയൻസ്. ഉദ്ദേശം നഷ്ടം വന്നുപോയ രാജ്യങ്ങൾ വീണ്ടും കൈവശം വരുന്ന ഘട്ടത്തിൽ ഇവരെ ഉപയോഗപ്രദമാക്കാമെന്നാണു്. ഈ വിധം രൂപീകരിച്ചവയാണു് ഇന്ത്യൻ മിലിററി എയർ റെയിഡ് സാർവീസ് ബററാലിയൻസ്. ലോകത്തിലെ മററുള്ള യാതൊരു സൈന്യത്തിലും ഈ മാതിരിയിലുള്ള ബററാലിയൻ ഇല്ല.


ബററാലിയൻെറ ഭരണരീതിയെല്ലാം അടുത്തവസരത്തിൽ മാററിയിരിക്കുന്നു. ഇനിമേൽ ഇതിൻെറ ഭരണകർത്താവു ഇന്ത്യാ കമാണ്ടിൻെറ കീഴിലുള്ള ഇഞ്ചിനിയർ ഇൻ ചീഫായിരിക്കും. ഇതിൻെറ പേർ ഇന്ത്യൻ ഇഞ്ചിനീയർ ബാററാലിയൻ എന്നുമായിരിക്കും. ഇതിലെ ജോലിക്കാരെല്ലാം സീപ്പ്ലോയിസ് അല്ലാ സാപ്പേർസ് ആയിരിക്കും. ഒരു ബററാലിയനിൽ അനവധി വകുപ്പുകളുണ്ടു്; പ്രധാനമായിട്ടുള്ളവയാണു് മെക്കാനിക്കൽ എക്സകവേററർ അല്ലെങ്കിൽ ബുൾഡോസർ സെക്ക്ഷൻ. മററൊരു സെക്ക്ഷനാണു് ബോംബ് ഡിസ്പൊസൽ സെക്ക്ഷൻ.

ബററാലിയനെ പല തരത്തിലുള്ള ജോലിക്കാണു് രൂപീകരിച്ചിട്ടുള്ളതു്: (1) ബോംബാക്രമണം കൊണ്ടു് ഇടിഞ്ഞുപൊളിഞ്ഞു് മാർഗ്ഗവിഘ്നം ചെയ്തു കൊണ്ടുള്ള മുടക്കങ്ങളെയെല്ലാം വെട്ടിയൊഴിക്കുക. (2) അപകടത്തിൽ നില്ക്കുന്ന പൊളിഞ്ഞ കെട്ടിടങ്ങളെ മുഴുവൻ ഇടിച്ചു് നിരത്തുക; അഗ്നിബാധയുണ്ടെങ്കിൽ അതു് പരക്കാതിരിക്കേണ്ടതിന്നു് വേണ്ട പ്രവൃത്തികൾ ചെയ്യുക. (3) അഗ്നിബാധയെ തച്ചു് കെടുത്തുക. (4) പൊട്ടാത്ത ബോംബുകളെ സംബന്ധിച്ചു് വേണ്ടതു് പ്രവൃത്തിക്കുക. (5) ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങൾക്കിടയിൽ പെട്ടുകിടക്കുന്നവരെയും, ചത്തവരേയും പുറത്തെടുക്കുക (6) മുറിയേററവർക്കു പെട്ടെന്നു് വേണ്ടതു് ചെയ്യുക. (7) ഹോസ്പിററലിലേക്കു കൊണ്ടുപോകേണ്ടവരെ കൊണ്ടുപോവുക. (8) ശവങ്ങൾ കൊണ്ടുപോയി മറചെയ്യുക. (9) ചത്തതും മുറിയേററതുമായ മൃഗങ്ങളെ വേണ്ടതു് ചെയ്യുക ബർമ്മാ മുതലായ പ്രദേശങ്ങൾ മടങ്ങി എടുക്കുന്നവസരത്തിൽ മേൽപറഞ്ഞ വിധമുള്ള ജോലികൾ ചെയ്യാനാണു് ഈ ബററാലിയൻ സംഘങ്ങളെ രൂപീകരിച്ചിട്ടുള്ളതു്.


ഈ സംഘങ്ങളിൽ പെട്ടവർക്കു വിദ്യാഭ്യാസ പരിശീലനവും, തൊഴിൽ പരിശീലനവും ലഭിക്കുന്നുണ്ടു്. അവർക്കു നല്ല ഭക്ഷണവും വ്യായാമവും കൊടുത്തുവരുന്നു. അവർ സുഖമായിരിക്കുന്നു; സന്തോഷമായിരിക്കുന്നു; ജാഗ്രതയായുമിരിക്കുന്നു. പല ഘട്ടങ്ങളിലും അവരെക്കൊണ്ടുള്ള ഉപയോഗം കണ്ടുകഴിഞ്ഞു; ഇനിയും കാണാനുണ്ടു്. ബർമ്മയിൽ വച്ചവരും ഞാൻ സംസാരിക്കുന്നതു് കേട്ടിരിക്കുന്നുണ്ടെങ്കിൽ, അവരോടു് ഞാൻ പറയട്ടെ: ഞങ്ങൾ അടുത്തു് വരുന്നു; ഞങ്ങൾ വന്നാൽ ജാപ്പാൻകാരെ ഓടിച്ചുകളയുമെന്നു്മാത്രമല്ല, ഇനിമേലിൽ അവരുടെ ബാധ ഉണ്ടാകയില്ലെന്നുള്ള വിധം രക്ഷാമാർഗ്ഗങ്ങൾ ചെയ്യുകയും ചെയ്യും.

(മദിരാശിയിൽനിന്നു് ഒരാകാശവാണി പ്രസംഗം.)


# യൂറോപ്പിൽ ചെന്നിറങ്ങിയതു് ഇങ്ങിനെയാണ്




സൈന്യങ്ങൾ കരക്കു കയറുന്നു




റോട്ടിന്നരികിൽ വെടിക്കോപ്പുകൾ നിറച്ചിരിക്കുന്നു



തീൻതൊക്കുകൾ നിറച്ച വണ്ടികൾ ഒരു റോട്ടിന്നരികിൽ മറച്ചു് വെച്ചിരിക്കുന്നു



കപ്പലുകളിൽനിന്നു കാലാൾ പട്ടാളത്തെ ഇറക്കുന്നമാതിരി



കപ്പലുകൾ കരക്കടുക്കുന്നു

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.